കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2016 ഫെബ്രുവരി
വില ₹15



## കാട്ടുനായ്ക്കളുടെ നീതി

എൻ എ നസീർ

# ഇരട്ടി പുണ്യം



## കാരുണ്യയും കാരുണ്യ പ്ലസും

### കാരുണ്യ പ്ലസ്

എല്ലാ വ്യാഴാഴ്ചയും

ഒന്നാം സമ്മാനം ₹1 കോടി

രണ്ടാം സമ്മാനം ₹15 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

ടിക്കറ്റ് വില ₹50

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

### കാരുണ്യ

**ചികിത്സാ ധനസഹായ പദ്ധതി**

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള ലാഭം വിനിയോഗിക്കുന്നു ഇതുവരെ ചികിത്സാ സഹായമായി 92458 രോഗികൾക്ക് നൽകിയത് 746.76 കോടി രൂപ

കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികൾ വാങ്ങൂ..
ഭാഗ്യം പരീക്ഷിക്കൂ...

ഇതു നമ്മുടെ കടമ കൂടിയാണ്

### കാരുണ്യ

എല്ലാ ശനിയാഴ്ചയും

ഒന്നാം സമ്മാനം 1 കോടി

ടിക്കറ്റ് വില ₹50

രണ്ടാം സമ്മാനം ₹10 ലക്ഷം

മൂന്നാം സമ്മാനം ₹5 ലക്ഷം

1 ലക്ഷം വീതം 5 പേർക്ക്

10000, 5000, 1000, 500,100 രൂപയുടെ മറ്റനേകം സമ്മാനങ്ങൾ

**കേരള സംസ്ഥാന ഭാഗ്യക്കുറി** വിശ്വസ്തം സുതാര്യം ജനകീയം

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

ഫെബ്രുവരി 2016
വില ₹15
വാർഷികവരിസംഖ്യ ₹160

# തളിര്

## ഉള്ളടക്കം

## കാട്ടുനായ്ക്കളുടെ നീതി

**എൻ എ നസീർ**

6



ചെങ്കല്ലിന്റെ നിറമുള്ള ഒരു ജീവിയെ കാണാം കേരളത്തിലെ കാടുകളിൽ. ചെന്നായയായി ഇവയെ എളുപ്പത്തിൽ തെറ്റിദ്ധരിക്കാം. എന്നാൽ ഇവ കാട്ടുനായ്ക്കളാണ്. കാട്ടുനായ്ക്കളുടെ ജീവിതത്തെക്കുറിച്ചാണ് ഇത്തവണത്തെ കാടനുഭവം.



## സാരമില്ല

**എം കൃഷ്ണദാസ്**

32

കുട്ടികൾക്കിടയിലെ കുഞ്ഞു വിവേചനങ്ങളെ കുട്ടികൾ തന്നെ പരിഹരിക്കുന്ന ഒരു കുഞ്ഞുസ്കൂൾക്കഥ.

## ഗുരുവിനെ തേടിയിറങ്ങിയ പെൺകുട്ടി

**ബി പ്രസാദ്**

10

മൃണാളിനി സാരാഭായ്. ഓർമ്മവച്ച നാൾമുതൽ നൃത്തം ജീവിതത്തിന്റെ ഭാഗമാക്കിയ പെൺകുട്ടി. അവളുടെ കഥ.



**സ്നേഹപൂർവ്വം**........................4
കെ സി ജോസഫ്
**മുൻമൊഴി** ........................5
സുഗതകുമാരി
**സ്കൂൾ ഡെയ്സ്**........................9
രാജീവ് എൻ ടി
**തിരുവിതാംകൂർ ചരിത്രം**..........14
ഡോ. എം ജി ശശിഭൂഷൺ
**കവിതാപരിചയം**........................19
അക്കിത്തം
**ജാതകകഥ**........................20
വെങ്കി
**പകൽ**........................23
ഹരിദാസ് സാരംഗി
**സ്വർണക്കോട്ടയിലെ മയിൽ**.......24
സത്യജിത് റായ്
പുനരാഖ്യാനം : എം ചന്ദ്രപ്രകാശ്
**ആരോഗ്യം**........................30
ഡോ. ബി പത്മകുമാർ
**അരിസ്റ്റോട്ടിൽ പറഞ്ഞ കഥ**.......34
ഡോ. ഡി രാജേന്ദ്രൻ
**പ്രാർത്ഥന**........................37
പ്രൊഫ. കെ ചന്ദ്രശേഖരൻ
**ക്ലാസിക്പരിചയം**...................38
ഡോ. പി കെ രാജശേഖരൻ
**ആനക്കാര്യം** ........................40
രാജീവ് എൻ ടി
**അക്ഷരചിത്രം**........................41
ഭരണിക്കാവ് കൃഷ്ണൻ
**പരീക്ഷയെ നേരിടാം**...............42
പ്രൊഫ. എസ് ശിവദാസ്
**മഹാഭാരതം**........................44
സുഗതകുമാരി
**ഉണ്ടാക്കാം**........................48
അരവിന്ദ് ഗുപ്ത
**സുവർണം 2015**.....................50
ഡോ. രാധിക സി നായർ

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ കെ സി ജോസഫ്**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)
ചീഫ് എഡിറ്റർ
**സുഗതകുമാരി**
എഡിറ്റർ ഇൻ-ചാർജ്
**എം സന്തോഷ്കുമാർ**
പത്രാധിപസമിതി
**എം ചന്ദ്രപ്രകാശ്**
**ഇ വി നാരായണൻ**
**ഭരണിക്കാവ് കൃഷ്ണൻ**
**ഷൈബിൻ**
**വി കെ രവീന്ദ്രൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**നവനീത് കൃഷ്ണൻ എസ്**
ആർട്ട്, കവർ
**അരുണ ആലഞ്ചേരി**
ലേ ഔട്ട്
**വിഷ്ണു പി എസ്**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**
1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
www.ksicl.org

പ്രിയപ്പെട്ട കുട്ടികളേ,

കണ്ണൂർ ശ്രീകണ്ഠപുരം ഗവ. ഹയർ സെക്കൻഡറി സ്കൂളിലേക്കു കടന്നുചെല്ലുന്നവർക്ക് ഉച്ചയാകുമ്പോൾ കുട്ടികൾ അവതരിപ്പിക്കുന്ന വിവിധ പരിപാടികൾ കേൾക്കാം. ഉച്ചയ്ക്ക് ഒരു മണി മുതൽ ഒന്നര വരെ കുട്ടികൾ അവതരിപ്പിക്കുന്ന സ്വന്തം പരിപാടികൾ. 'റേഡിയോ മന്ദാരം' എന്ന ഈ സ്കൂൾറേഡിയോ പദ്ധതി ഇവർ തുടങ്ങിയത് ഈ പുതുവർഷദിനത്തിലായിരുന്നു. കേരളത്തിലെ പല സ്കൂളുകളിലും ഇത്തരം സ്കൂൾ റേഡിയോകൾ നിലവിലുണ്ട്. റേഡിയോ പ്രക്ഷേപണത്തെ അനുകരിച്ച് മൈക്കിലൂടെ പരിപാടികൾ അവതരിപ്പിക്കുകയാണ് മിക്കയിടത്തും ചെയ്യുന്നത്. എന്നാൽ ചില സ്കൂളുകൾ അങ്ങനെയല്ല. സ്കൂൾപരിസരത്തുനിന്ന് എഫ് എം റേഡിയോ ഓൺചെയ്താൽ അവരുടെ റേഡിയോപരിപാടികൾ നമുക്ക് സ്വന്തം റേഡിയോയിലൂടെ കേൾക്കാം.

ഇതിപ്പോൾ പറയാൻ ഒരു കാരണമുണ്ട്. ഫെബ്രുവരി 13 ലോകറേഡിയോദിനമാണ്. ഏറ്റവും ചിലവു കുറഞ്ഞതും എന്നാൽ കാര്യക്ഷമവുമായ ആശയവിനിമയമാർഗമായ റേഡിയോയുടെ പ്രാധാന്യം ജനങ്ങളിലേക്കെത്തിക്കുക എന്നതാണ് ദിനാചരണത്തിന്റെ ലക്ഷ്യം. ടിവിയും മൊബൈലും ഇന്റർനെറ്റും ഒക്കെ വന്നിട്ടും റേഡിയോയുടെ ശ്രോതാക്കൾക്ക് ഇന്നും ഒട്ടും കുറവില്ല. ഇത്തരം ആധുനിക ആശയവിനിമയമാർഗങ്ങൾ ചെന്നെത്താത്ത എത്രയോ പ്രദേശങ്ങൾ ഈ ലോകത്തുണ്ടെന്നോ. എന്നാൽ എത്ര ഒറ്റപ്പെട്ട പ്രദേശത്തേക്കും റേഡിയോ പരിപാടികൾ കടന്നുചെല്ലും. അവിടെയുള്ളവർക്ക് ഒരു കുഞ്ഞുറേഡിയോയുടെ സഹായത്തോടെ ലോകത്തെ പരിചയപ്പെടാൻ അവസരമൊരുങ്ങും.

പൊതുസമൂഹത്തിൽനിന്നും മാറ്റിനിർത്തപ്പെട്ടതോ മാറി നിൽക്കുന്നതോ ആയ ഒരു വലിയ വിഭാഗം ഇപ്പോഴും ലോകത്തുണ്ട്. പുരോഗതിയുടെ അലകൾ എത്തിച്ചേർന്നിട്ടില്ലാത്ത അക്ഷരാഭ്യാസമില്ലാത്ത ഇവരിലേക്കും റേഡിയോയ്ക്കു കടന്നുചെല്ലാനാകും. ആകർഷകമായ പരിപാടികളിലൂടെയും ചർച്ചകളിലൂടെയും നമ്മുടെ ലോകത്തിന്റെ അറിവുകൾ ഇവരിലേക്കു പകരാനാകും. അതുകൊണ്ടുതന്നെയാണ് റേഡിയോ ഏറ്റവും ശക്തമായ മാധ്യമമായി മാറുന്നതും നിലകൊള്ളുന്നതും.

റേഡിയോയുടെ സാധ്യതകൾ നിരവധിയാണ്. ഓരോ സ്കൂളിലും തുടങ്ങാവുന്നത്ര ലളിതവുമാണത്. നിങ്ങളുടെ സ്കൂളിലും ഒരു റേഡിയോനിലയം തുടങ്ങിക്കൂടേ? അധ്യാപകരോടു പറഞ്ഞ് അതിനുള്ള സംവിധാനങ്ങളൊരുക്കൂ. എന്നിട്ട് സ്കൂളിനു ചുറ്റുമുള്ള ഇടങ്ങളിലേക്ക് സ്കൂളിന്റെ വിശേഷങ്ങൾ എത്തിക്കൂ. പാട്ടും കഥയും കവിതയും നാടകവും പഠനവിശേഷങ്ങളും യാത്രാവിവരണങ്ങളും ഒക്കെ ഇങ്ങനെ പങ്കുവയ്ക്കാം. ഉച്ചയ്ക്കു കിട്ടുന്ന സമയം ഏറെ സജീവമായി പ്രയോജനപ്പെടുത്തുകയും ചെയ്യാം. അതു മാത്രമല്ല, മാധ്യമരംഗത്ത് എത്തിച്ചേരാനാഗ്രഹിക്കുന്ന കുട്ടികൾക്ക് അതൊരു നല്ല തുടക്കവും പരിശീലനവും ആകും. എന്താ ശ്രമിച്ചുനോക്കിക്കൂടേ?



വര: സുധീർ പി വൈ

സ്നേഹപൂർവ്വം,

**കെ സി ജോസഫ്**

(സാംസ്കാരികവകുപ്പ് മന്ത്രി)

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

കുട്ടികളോട് ആരും മരണത്തെക്കുറിച്ചു സംസാരിക്കാറില്ല. പക്ഷേ നാം അതെപ്പറ്റി അറിഞ്ഞേ തീരൂ. കാരണങ്ങൾ പലതാണ്. ജനനംപോലെ മരണവും നാം കണ്ടറിയുന്ന സത്യങ്ങളാണെന്നതിനാൽ തന്നെ നാം മരണത്തെയും നേരിടാൻ പഠിക്കേണ്ടതുണ്ട്.

ജനിച്ചതിനെല്ലാം മരണമുണ്ട്. ഒരുചെടിക്കും മരത്തിനുമെന്നപോലെ ഓരോ ഉറുമ്പിനും പക്ഷിക്കുമെന്നതുപോലെ ഓരോ മനുഷ്യനും മരണമുണ്ട്. നിങ്ങളുടെ പ്രിയപ്പെട്ടവർ ആരെങ്കിലുമൊക്കെ പോയ്മറയുന്നതു നിങ്ങൾ തീർച്ചയായും കണ്ടിരിക്കും. അതുകൊണ്ട് ജീവിതത്തിൽ സുനിശ്ചിതമായ, പ്രകൃതിയുടെ തന്നെ വരദാനമായ മരണത്തെ നാം ഭയപ്പെടാൻ പാടില്ല. സങ്കടപ്പെടരുത് എന്നല്ല ഞാൻ പറയുന്നത്. ഭയപ്പെടരുത് എന്നു മാത്രമാണ്.


പക്ഷേ അതിനു നമുക്കെന്തു ചെയ്യാൻ കഴിയും എന്നായിരിക്കും നിങ്ങളുടെ മനസ്സിലുയരുന്ന ചോദ്യം. പലതും കഴിയും എന്നാണെനിക്കു പറയാനുള്ളത്. ഓരോരുത്തരും ഒന്നിച്ചുള്ള കാലം വിലപ്പെട്ടതാണെന്നു മനസ്സിലാക്കണം. അച്ഛനമ്മമാരും അപ്പൂപ്പനും അമ്മൂമ്മയും സഹോദരങ്ങളുമൊക്കെയുള്ള ദിവസങ്ങൾ ഓരോന്നും അമൂല്യമാണ്. നാളെ യാത്ര പറഞ്ഞിറങ്ങേണ്ട വഴിയമ്പലത്തിലെ വഴിയാത്രക്കാർ മാത്രമാണു നാം. അതിനാൽ ഒന്നിച്ചുള്ള സമയം സ്നേഹംകൊണ്ടും പരസ്പരമുള്ള ശ്രദ്ധകൊണ്ടും നിറയ്ക്കണം. ആവുന്നിടത്തോളം സഹായിക്കണം. കഠിനവാക്കുകളും വഴക്കും വാശിയുമൊക്കെ വീടുകളിൽ പതിവായിരിക്കുന്നു. തളിര് വായനക്കാരായ കുട്ടികളെങ്കിലും അതിൽ നിന്നൊക്കെ ഒഴിഞ്ഞുനിൽക്കുകയും വിഷമങ്ങൾക്കു പരിഹാരമുണ്ടാക്കിക്കൊടുക്കാൻ ശ്രമിക്കുകയും ചെയ്യണം. ഇന്നു നിങ്ങൾ കോപം കാട്ടുന്ന പ്രിയപ്പെട്ട ഒരാൾ നാളെ ഇല്ലാതാവുമ്പോൾ നിങ്ങളുടെയുള്ളിൽ കുറ്റബോധം നിറയാൻ ഇടവരുത്തരുത്. അതുപോലെ വൃദ്ധജനങ്ങളുടെ കാര്യത്തിലും നിങ്ങളുടെ മനസ്സു പതിയട്ടെ. വീട്ടിൽ വയ്യാതെ കിടക്കുന്ന അപ്പൂപ്പനോ അമ്മൂമ്മയ്ക്കോ നിങ്ങളുടെ സ്നേഹം എത്ര ആശ്വാസകരമായിരിക്കും എന്നോർത്തു നോക്കുക. അവരുടെ അടുക്കൽ ചെന്നിരിക്കുക, കുറച്ചു വർത്തമാനം പറയുക. ഒന്നു കാലുതിരുമ്മിക്കൊടുക്കുക, ആവശ്യങ്ങൾ അറിഞ്ഞുകണ്ടു ചെയ്യുക– ആ ചുളിഞ്ഞ നെറ്റിയിൽ ഒരുമ്മ കൊടുക്കുക– ഇതൊക്കെ നിങ്ങൾക്കു ലഭിക്കുന്ന ഈശ്വരാനുഗ്രഹങ്ങളായി മാറുകതന്നെ ചെയ്യും. വീട്ടിൽ ആരു സുഖമില്ലാതെ കിടന്നാലും നിങ്ങളുടെ ഒരു സ്പർശം, നല്ല വാക്ക്, ശ്രദ്ധ അവർക്കു കിട്ടട്ടെ. നാളെ നിങ്ങളുടെ ജീവിതത്തിലെ നല്ല ഓർമകളായിത്തീരും ആ നിമിഷങ്ങൾ.

നല്ല കുട്ടികളായിരിക്കുവിൻ, അറിവും വിവേകവും ധൈര്യവും ഉണ്ടാകുന്നതോടൊപ്പം സ്നേഹവും സേവനതാത്പര്യവും കൂടി വളർത്തിയെടുക്കുവാൻ കഴിഞ്ഞാൽ അതു കുടുംബത്തിനു നാടിനും അനുഗ്രഹമായിരിക്കും. പ്രിയപ്പെട്ടവർ ആരെങ്കിലും എന്നേക്കുമായി പൊയ്ക്കഴിയുമ്പോൾ കണ്ണുനിറഞ്ഞ് 'ഞാൻ ഒരുപാടു വഴക്കുണ്ടാക്കി..' 'വയ്യാത്തപ്പോൾ ചെന്നു നോക്കിയതേയില്ല..' 'അപ്പൂപ്പനു സങ്കടമായിക്കാണും..' എന്നൊക്കെപ്പറഞ്ഞു കരയുന്ന ചില കൊച്ചു കൂട്ടുകാരെ കണ്ടിട്ടുള്ളതു കൊണ്ടാണ് ഇങ്ങനെയൊക്കെ എഴുതിയത്. ശ്രദ്ധിക്കണേ, ചെറിയ വലിയ കാര്യങ്ങളാണിവ.

സ്നേഹത്തോടെ,
**സുഗതകുമാരി**



വര: സുധീർ പി വൈ



കാടനുഭവം

# കാട്ടുനായ്ക്കളുടെ നീതി

**എൻ എ നസീർ**



**ചെങ്കല്ലിന്റെ നിറമുള്ള ഒരു ജീവിയെ കാണാം കേരളത്തിലെ കാടുകളിൽ. ചെന്നായയായി ഇവയെ എളുപ്പത്തിൽ തെറ്റിദ്ധരിക്കാം. പക്ഷേ ഇവ കാട്ടുനായ്ക്കളാണ്. നായകളും കാട്ടുനായകളും ചെന്നായകളുമെല്ലാം കൂട്ടംകൂടി ജീവിക്കാൻ ഇഷ്ടപ്പെടുന്നവരാണ്. കൂട്ടത്തോടെ നിങ്ങിയാൽ ലോകത്തെ ഏതൊരു ജീവിയെയും ഇരയാക്കാൻ കഴിയുന്നവർ. മിക്കവാറും മാനുകളെപ്പോലെയുള്ള ജീവികളെയാണ് ഇവർ ആക്രമിക്കുക. ഭക്ഷണദൗർലഭ്യം വന്നാൽ വലിയ ജീവികളെയും വേട്ടയാടാറുണ്ട്. കാട്ടുനായ്ക്കളുടെ ജീവിതത്തെക്കുറിച്ചാണ് ഇത്തവണത്തെ കാടനുഭവം.**

കാട്ടിലേക്കു കയറുമ്പോൾ തന്നെ എന്റെ മുന്നിലൂടെ ഒരു 'കാട്ടുനായ' (Wild dog) എന്തോ കടിച്ചുപിടിച്ചുകൊണ്ട് ഓടിമറയുന്നതു കണ്ടു. അടുത്തെവിടെയോ കാട്ടുനായ്ക്കൾ ഏതോ ജീവിയെ പിടികൂടിയിട്ടുണ്ടെന്നു മനസ്സിലായി. വളരെ കരുതലോടെ ഞാൻ മുന്നോട്ടു നീങ്ങി. ആഹരിക്കുമ്പോൾ മാംസഭുക്കുകളായ ജീവികൾക്ക് അല്പം ഗൗരവം കൂടും. അങ്ങോട്ട് അടുക്കുന്ന മറ്റുജീവികളെ അവ വിരട്ടുകയും ചെയ്യും.

സസ്യഭുക്കുകൾക്ക് അവയുടെ ആഹാരം യഥേഷ്ടം ഭക്ഷിക്കുവാൻ കഠിനാധ്വാനം ഒന്നും ചെയ്യണമെന്നില്ല. പക്ഷേ മാംസഭുക്കുകളെ സംബന്ധിച്ച് ശാരീരികാധ്വാനവും തന്ത്രപരമായ നീക്കങ്ങളും കൊണ്ടേ തന്റെ ആഹാരം കണ്ടെത്താനാവൂ. ചിലവേള അപകടംതന്നെ സംഭവിച്ചേക്കാം. അങ്ങനെ ലഭിക്കുന്ന ആഹാരം മറ്റു ജന്തുക്കൾ കവർന്നെടുക്കുവാൻ ശ്രമിക്കും എന്ന അവസ്ഥയിൽ അവ പ്രതിരോധിച്ചെന്നും വരാം.

ചെറിയൊരു മുളംകൂട്ടം കഴിഞ്ഞപ്പോൾ ഞാനാക്കാഴ്ചകണ്ടു. ഒരു പുള്ളിമാനിന്റെ

ജഡത്തിൽ നിന്നും മാംസം കടിച്ചു പറിക്കുന്ന ഒരു കാട്ടുനായ. അതെന്റെ നേരെ ഒന്നു നോക്കിയിട്ട് വീണ്ടും ആഹാരത്തിലേക്കു തിരിഞ്ഞു. ഞാൻ അകന്നുമാറി നിൽക്കു കയാണെന്നും അപകടകാരി യല്ല എന്നും ചിലപ്പോൾ ആ കാട്ടുനായ കരുതിയിട്ടു ണ്ടാകാം.

കുറച്ചുനേരം അത് ആ പ്രവൃത്തി തുടർന്നിട്ട് മെല്ലെ വൃക്ഷക്കൂട്ടങ്ങൾക്കിടയിൽ ചെന്നിരുന്ന് എന്റെ നേരെ നോക്കി. അപ്പോൾ സൂര്യപ്ര കാശം അതിനുമേൽ വീണു. സൂര്യരശ്മികൾ ഏതൊരു ജീവിയുടെയോ സസ്യങ്ങ ളുടെയോ മേൽ വന്നു തൊടുമ്പോൾ അതുവരെ കണ്ട കാഴ്ചയിലായിരിക്കില്ല അവയെ നാം കാണുന്നത്. ഏറെ മനോഹരം എന്നതി നുപരി യഥാർത്ഥനിറം നമുക്കു തിരിച്ചറിയുവാനു മാകും.

പൊടുന്നനെ മറ്റൊരു കാട്ടുനായ കൂടി അവിടെ വന്നുചേർന്നു. ഞാൻ കാട്ടി ലേക്കു പ്രവേശിക്കുന്നതു കണ്ടിട്ടായിരിക്കാം, മാനിന്റെ അവശിഷ്ടങ്ങളിൽ നിന്നും അത് ഒരു കഷണം മാംസം കടിച്ചെടുത്ത് എന്നെ ഒന്നു നോക്കി വന്ന വഴിയേ തിരിച്ചുപോയി. അധികം അകലെയല്ലാതെ അതിന്റെ കുഞ്ഞുങ്ങൾ ഉണ്ടായിരിക്കാം. അവയ്ക്കുള്ളആഹാരമാണ് അത്.

ഒരു വന്യജീവി മറ്റൊരു ജീവിയെ കൊന്നു ഭക്ഷിക്കു ന്നതു കാണുമ്പോൾ ഇരയാ വുന്ന ജീവിയോടു സഹതാ പവും ആക്രമിക്കുന്ന ജീവി യോടു വെറുപ്പും ചിലരിൽ കാണാറുണ്ട്. കാട്ടിലെ നീതി യാണ് ഓരോ ജീവജാല ങ്ങളും നിർവഹിക്കുന്നത്. എല്ലാ ജീവികൾക്കും കാട്ടിൽ തുല്യസ്ഥാനവുമാണ്. അവ പരസ്പരം പ്രകൃതിയിലെ താളംപോലെ ജീവിക്കുന്നു.

ചെങ്കല്ലിന്റെ നിറമായതു കൊണ്ട് ഇവയെ ചിലപ്പോൾ 'ചെന്നായ' എന്നു വിളിക്കാ റുണ്ട്. പക്ഷേ നമ്മുടെ കേരളത്തിൽ ചെന്നായ (Wolf) യെ കണ്ടതായി ഇതുവരെ അറിവില്ല. ആദിവാസികൾ ഇവയുടെ ചെങ്കൽനിറവുമായി ബന്ധ പ്പെട്ട് ചെന്നായ് എന്നും വിളിച്ചുപോരുന്നു.

കാട്ടുനായയെ ഇംഗ്ലീഷിൽ Wild dog (Cuon alpinus alpinus) എന്നാണു വിളി ക്കുക. കാട്ടുപട്ടികൾ എന്നും കേരളത്തിൽ ചിലയിടത്ത് വിളിക്കാറുണ്ട്.

ഒരുകൂട്ടം യോദ്ധാക്കളെ പ്പോലെയാണ് ഈ ജീവികൾ എനിക്ക്. കൂട്ടംകൂടി ഏതു ജീവിയുടെയും നേരേ തിരി യുവാൻ മടിയില്ലാത്തവർ. മ്ലാവ്, പുള്ളിമാൻ, കാട്ടുപന്നി എന്നിവയാണ് ഇവിടെ







8

**കുരങ്ങുകൾ, വരയാട്, മയിൽ എന്നിവയും ഇരകളാണ്. പിന്നിൽ നിന്നും മുന്നിൽ നിന്നും ആക്രമിച്ചു ചിലപ്പോൾ കണ്ണും മൂക്കുമൊക്കെ കടിച്ചെടുക്കുന്നതു കാണാം. ഇര വീണു കഴിഞ്ഞാൽ ഞൊടിയിടകൊണ്ട് അതിനെ കടിച്ചും പറിച്ചും തിന്നു തീർക്കുന്നു.**



ഇവയുടെ പ്രധാന ഇരകൾ.

ഇടത്തരം കാട്ടുപോത്തുകളെയും ആക്രമിക്കുവാൻ ഇവ മുതിരാറുണ്ട്. കുരങ്ങുകൾ, വരയാട്, മയിൽ എന്നിവയും ഇരകളാണ്. പിന്നിൽനിന്നും മുന്നിൽ നിന്നും ആക്രമിച്ചു ചിലപ്പോൾ കണ്ണും മൂക്കുമൊക്കെ കടിച്ചെടുക്കുന്നതു കാണാം. ഇര വീണുകഴിഞ്ഞാൽ ഞൊടിയിടകൊണ്ട് അതിനെ കടിച്ചും പറിച്ചും തിന്നു തീർക്കുന്നു.

ചെറിയ വ്യത്യസ്തമായ രീതിയിൽ വിസിൽനാദം പോലെയും കുരയ്ക്കുന്നതു പോലെയും ഇവ ശബ്ദങ്ങൾ ഉണ്ടാക്കാറുണ്ട്.

മാളങ്ങളിലും പൊന്തകളിലുമാണ് ഇവയുടെ വാസം. നവംബർ– ഏപ്രിൽ മാസങ്ങളിൽ ഇവരുടെ കൂടെ കുഞ്ഞുങ്ങളെ കാണാം. മനുഷ്യരുടെ കടന്നുകയറ്റം ഇവയുടെ നിലനിൽപ്പിനും ഭീഷണിയാണ്.

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്



# ഗുരുവിനെ തേടിയിറങ്ങിയ പെൺകുട്ടി

ബി പ്രസാദ്

*പ്രശസ്ത നർത്തകിയും സാമൂഹ്യപ്രവർത്തകയും ആയിരുന്ന മൃണാളിനി സാരാഭായിയുടെ ജീവിതത്തിൽനിന്ന് ഒരേട്*

നിരനിരയായിനിൽക്കുന്ന മരങ്ങൾക്കിടയിൽ മരച്ചില്ലകൾ മേലാപ്പു ചാർത്തിയ ഇടവഴിയിലൂടെ അവൾ നടന്നു. വിദൂരതയിലേക്കു നീളുന്ന പാത. കുറെ നടന്നു. പിന്നെ ഓട്ടമായി. എവിടേക്കെന്നറിയാത്ത ഓട്ടം. ഒടുവിൽ എത്തിപ്പെട്ടത് ഒരു ചെറിയ ക്ഷേത്രത്തിനു മുന്നിൽ. ക്ഷേത്രത്തിനുള്ളിൽ സുസ്മേരവദനനായി നടനകലയുടെ ഉപാസകൻ. സാക്ഷാൽ നടരാജൻ. തൃപ്പടികളിൽ അവൾ വീണു. അപ്പോൾ ഒരു മന്ത്രം കാതുകളിൽ മുഴങ്ങി. കുട്ടീ, നീ നൃത്തം ചെയ്യൂ, നിത്യവിസ്മയമായി.

സ്വപ്നത്തിൽ നിന്നും അവൾ ഉണർന്നത് തെളിമയാർന്ന ഒരു പ്രഭാതത്തിലേക്കാണ്. ''അമ്മേ, എനിക്ക് നൃത്തം പഠിക്കണം.'' പ്രഭാത ഭക്ഷണം കഴിക്കുന്നതിനിടയിൽ അവൾ പറഞ്ഞു.

''നൃത്തമോ, പെൺകുട്ടികൾ നൃത്തമാടുന്നതിനെക്കുറിച്ച് നീ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ആ പൂതിയങ്ങ് മറന്നേക്ക്. പോ, പോയി പഠനത്തിൽ ശ്രദ്ധിക്ക്.''



വര: ഗോപു പട്ടിത്തറ

അന്ന് ആറു വയസ്സുള്ള കുട്ടിയായിരുന്നു അവൾ, മൃണാളിനി. മദ്രാസിലെ 'ഗിൽക്രിസ്റ്റ് ഗാർഡൻസി'ലെ പാശ്ചാത്യചിട്ടകളിൽ, മമ്മിക്കും ഡാഡിക്കുമൊപ്പം അവൾ വളർന്നു. 'ബേബി മേയ്' എന്ന വിളിപ്പേരിൽ. ഒഴിവുവേളകളിൽ അയലത്തെ കുട്ടികളെ കൂട്ടി നാടകം കളിക്കും. പരിശീലകനൊപ്പം ടെന്നീസ് കളിക്കും. വൈകുന്നേരങ്ങളിൽ ആയയ്ക്കൊപ്പം

ബീച്ചിൽ പോകും. അവിടു ത്തെ പൊടിമണ്ണിൽ കളിച്ചു തിമിർക്കും. എങ്കിലും, വേന ലവധിക്കാലത്ത് വിരുന്നു പോകാറുള്ള, നാട്ടുമാങ്ങാ ച്ചൊനയുടെ ചൂരുള്ള ഒരു പാലക്കാടൻ തറവാടും അമ്മമ്മയുടെ സ്നേഹലാളന ങ്ങളുമായിരുന്നു അവളുടെ മനസ്സു മുഴുവൻ.

സ്വപ്നത്തിന്റെ ചൂടും പേറി നടക്കുന്ന കാലത്താണ് ഡാഡിയുടെ മരണം. അത് അവളെ തളർത്തിക്കളഞ്ഞു. മൃണാളിനി കൂടുതൽ ഒറ്റ പ്പെട്ടു. അതു മനസ്സിലാക്കിയ മമ്മി ആയയ്ക്കൊപ്പം വൈകു ന്നേരങ്ങളിൽ പതിവായി അവളെ ബീച്ചിൽ കളിക്കാൻ വിട്ടു. എങ്കിലും മൃണാളിനി യുടെ മനസ്സ് വെമ്പിക്കൊണ്ടി രുന്നു. താൻ കണ്ട സ്വപ്ന ത്തെപ്പറ്റി ആരോടുപറയാൻ! നൃത്തം പഠിക്കണമെന്ന മോഹം ഉൾക്കൊള്ളാനാകാ ത്തവർക്ക് ആ വിചിത്രസ്വപ്നം ദഹിക്കുന്നതെങ്ങനെ?

ഒരു വൈകുന്നേരം ആയ യ്ക്കൊപ്പം പതിവുള്ള ബീച്ച് യാത്രയ്ക്കു കാറിൽ കയറി. കാറ് മദ്രാസ് പട്ടണം പിന്നിട്ട് ആൾത്തിരക്കുകുറഞ്ഞ ഒരു കവലയിലെത്തി. ''ജോർജ ങ്കിൾ, വണ്ടി ഒന്നു നിർത്തു മോ?'' അവൾ കെഞ്ചി. ഡോറു തുറന്നു പുറത്തിറ ങ്ങിയ മൃണാളിനി, പ്രായം ചെന്ന ഒരു വഴിപോക്കനോടു ചോദിച്ചു. ''എന്നെ നൃത്തം പഠിപ്പിക്കാൻ തയ്യാറാകുന്ന ആരെങ്കിലും അങ്ങയുടെ പരിചയത്തിലുണ്ടോ?'' വൃദ്ധൻ പകച്ചുപോയി. അയാൾ അവളുടെ കണ്ണു കളിൽ സൂക്ഷിച്ചുനോക്കി. അതിൽ തിളങ്ങിയ നിശ്ചയ ദാർഢ്യം അയാൾ തിരിച്ച റിഞ്ഞു. എന്നിട്ടും ആ കൊച്ചുപെൺകുട്ടിയെ സഹാ യിക്കാനാവാത്തതിലുള്ള നിരാശയിൽ അയാൾ തല വെട്ടിച്ചു. മൃണാളിനി പ്രതീക്ഷ കൈവിട്ടില്ല. ആയയ്ക്കൊപ്പം പല ദിവസങ്ങളിലും അവൾ തെരുവുകളിലൂടെ അലഞ്ഞു. ബീച്ചിൽ പോകാൻ അനുവദി ക്കപ്പെട്ടസമയത്തായിരുന്നു ഗുരുവിനെ കണ്ടെത്താനുള്ള യാത്ര. എതിരേ വരുന്ന ഓരോ മനുഷ്യനിലും ഗുരു വിനെ കണ്ടെത്താനുള്ള വ്യഗ്രതയിൽ നടന്ന അവ ളുടെ മുന്നിലേക്ക് പ്രായം ചെന്ന ഒരാൾ വന്നു.



'എന്നെ നൃത്തം പഠിപ്പിക്കാൻ തയ്യാറാകുന്ന ആരെങ്കിലും അങ്ങയുടെ പരിചയത്തിലുണ്ടോ?' വൃദ്ധൻ പകച്ചുപോയി. അയാൾ അവളുടെ കണ്ണുകളിൽ സൂക്ഷിച്ചുനോക്കി. അതിൽ തിളങ്ങിയ നിശ്ചയദാർഢ്യം അയാൾ തിരിച്ചറി ഞ്ഞു. എന്നിട്ടും ആ കൊച്ചുപെൺകുട്ടിയെ സഹായിക്കാ നാവാത്തതിലുള്ള നിരാശയിൽ അയാൾ തലവെട്ടിച്ചു.

''ചിന്നമ്മാ, നീ നൃത്തം പഠിക്കാൻ ആഗ്രഹിക്കുന്നു അല്ലേ? പക്ഷേ എന്താണ് നൃത്തമെന്ന് നിനക്കറി യുമോ?''

''ഇല്ല, പക്ഷേ ഒന്നറിയാം. ഇലകളും പൂക്കളും മരച്ചില്ല കളുമൊക്കെ കാറ്റിലാടു മ്പോൾ, രാത്രികാലങ്ങളിൽ ആകാശത്തിലെ നക്ഷത്ര ങ്ങൾ കണ്ണുചിമ്മി മറയു മ്പോൾ, ഞാൻ അവരിലൊരാ ളാണെന്നു തോന്നാറുണ്ട്. അതാണു നൃത്തം എന്ന് എനിക്കു തോന്നുന്നു. ഈ



പാത അവസാനിക്കുന്നിടത്തെ, വെള്ളപൂശിയ വീടിനു മുന്നിൽ അവർ നിന്നു. തെരുവിലെ ഒരു സാധാരണ വീട്. ഒരു വൃദ്ധ കതകു തുറന്നു വന്നു. അവർ ആകാംക്ഷയോടെ അവളെ നോക്കി. അകത്തേക്കു ക്ഷണിച്ചു. നല്ല വെടിപ്പും തണുപ്പുമുള്ള മുറി. വൃദ്ധ ഒരു പായ വിരിച്ചു. ഇരിക്കാൻ ആംഗ്യം കാണിച്ചു. അവൾ ചമ്രംപടിഞ്ഞ് ഇരുന്നു. എതിരെ താത്തയും.

കുറെ നേരത്തേക്ക് ആരുമൊന്നും മിണ്ടിയില്ല. താത്ത അവളെത്തന്നെ നോക്കിയിരുന്നു. അവളുടെ ഉള്ളിലേക്ക് ആഴ്ന്നിറങ്ങുന്ന നോട്ടം. അത് തീക്ഷ്ണമായിരുന്നു; ആർദ്രവും.

''ഞാനൊരു നൃത്താധ്യാപകനാണ്.''

ഒടുവിൽ താത്ത പറഞ്ഞു. അവളുടെ മനസ്സ് കെട്ടുപൊട്ടിയ പട്ടംപോലെ പറന്നു.

''നിനക്ക് നൃത്തത്തോട് ഇത്രയും അഭിനിവേശമുണ്ടെങ്കിൽ ഞാൻ നിന്നെ പഠിപ്പിക്കാം. പക്ഷേ അതിനു മുമ്പ് അമ്മയുടെ സമ്മതം വാങ്ങണം.''

''പക്ഷേ, താത്ത...''

അവൾ മുഴുമിപ്പിക്കും മുമ്പ് അയാൾ തുടർന്നു.

''അവരോട് പറയൂ, ഞാൻ തഞ്ചാവൂർ പിള്ളയാണെന്ന്. ഭരതനാട്യം പഠിപ്പിക്കുന്ന നർത്തകൻ. അമ്പലവാസികളെ മാത്രമേ ഞാൻ പഠിപ്പിക്കാറുള്ളൂ. അതും മദ്രാസിനു വെളിയിൽ. പക്ഷേ ദൈവത്തിന്റെ സമ്മാനംപോലെ നീ എന്നെ തേടിവന്നതിനാൽ, നിന്നെ ഞാനെന്റെ ശിഷ്യയാക്കാം. നീ നർത്തകിയാകാൻ വേണ്ടി ജനിച്ചവളാണ്. ഞാൻ മദ്രാസിൽ കുറച്ചുനാൾ ഉണ്ടാകും. അത്രയും കാലം ഞാൻ പഠിപ്പിക്കാം. ശേഷം വലിയ പട്ടണത്തിൽ നർത്തകരായി അനേകംപേർ കാണും. അവരിൽ ആരെങ്കിലും എന്നെ നൃത്തം പഠിപ്പിക്കാൻ തയ്യാറാകും. താത്താ, അങ്ങനെ ആരെയെങ്കിലും അങ്ങയ്ക്കറിയാമോ?''

''ആട്ടേ, നിന്റെ അമ്മയ്ക്ക് ഇതറിയുമോ? അവർ അതിന് അനുവദിക്കുമോ?''

''ഇല്ല. പക്ഷേ ഞാൻ എന്തു ചെയ്യുന്നു എന്നത് അമ്മയ്ക്കൊരു പ്രശ്നമല്ല. അതുകൊണ്ടല്ലേ, ദിവസവും ആയയ്ക്കൊപ്പം എന്നെ ബീച്ചിലേക്ക് വിടുന്നത്?''

''വരൂ. ആയയെ കൂടി കൂട്ടിക്കൊള്ളൂ.''

വൃദ്ധൻ മുമ്പേ നടന്നു.

അവരോട് പറയൂ, ഞാൻ തഞ്ചാവൂർ പിള്ളയാണെന്ന്. ഭരതനാട്യം പഠിപ്പിക്കുന്ന നർത്തകൻ. അമ്പലവാസികളെ മാത്രമേ ഞാൻ പഠിപ്പിക്കാറുള്ളൂ. അതും മദ്രാസിനു വെളിയിൽ. പക്ഷേ ദൈവത്തിന്റെ സമ്മാനംപോലെ നീ എന്നെ തേടി വന്നതിനാൽ, നിന്നെ ഞാനെന്റെ ശിഷ്യയാക്കാം. നീ നർത്തകിയാകാൻ വേണ്ടി ജനിച്ചവളാണ്.

ദൈവനിശ്ചയം.''

താത്ത പറഞ്ഞതു മുഴുവൻ അവർ കേട്ടില്ല. പക്ഷേ ഒന്നുമാത്രം അവളറിഞ്ഞു. താത്ത ഒരു നൃത്താധ്യാപകനാണ്. അദ്ദേഹം തന്നെ ശിഷ്യയാക്കും. അവൾക്ക് അത്രമാത്രം അറിഞ്ഞാൽ മതിയായിരുന്നു.

ആയയെ വലിച്ചുകൊണ്ട് അവൾ തെരുവിലൂടെ ഓടി. ഓടുകയല്ല, നൃത്തം ചവിട്ടുകയായിരുന്നു. ഒടുവിൽ ആ സ്വപ്നം സഫലമാകുന്നു. താനും ഒരു നർത്തകിയാകുന്നു. നടരാജന്റെ അനുഗ്രഹം!

ആയയുടെ ഉള്ളും തുടിച്ചുകൊണ്ടിരുന്നു. എത്ര നാളായി ഗുരുവിനെത്തേടിയുള്ള ഈ പിഞ്ചുകുട്ടിയുടെ യാത്ര തുടങ്ങിയിട്ട്. വീടിനു മുന്നിലെത്തിയതും മൃണാളിനി തിരിഞ്ഞുനിന്നു.


''ഭതതയ്യ, ഇതു നമുക്കിടയിലുള്ള രഹസ്യമായി തുടരട്ടെ. മമ്മി ഇതറിയണ്ട. ജോർജങ്കിളിനോടും ഞാൻ പറഞ്ഞോളാം.''



മൂന്നുകൊല്ലം അവൾ തഞ്ചാവൂർപിള്ളയുടെ ശിക്ഷണത്തിൽ നൃത്തം അഭ്യസിച്ചു. ഇതിനിടയിൽ മമ്മി അതറിഞ്ഞു. പ്രതീക്ഷിച്ചപോലെ എതിർപ്പുണ്ടായില്ല. മകളുടെ നൃത്തം അവർക്ക് ഇഷ്ടമായി. അതിൽ അഭിമാനം കൊണ്ട് അധ്യാപകരെ വീട്ടിലേക്ക് വരുത്തി മക്കൾക്ക് നൃത്തം അഭ്യസിക്കാൻ അവസരമൊരുക്കി.

മദ്രാസിലെ വാസം മൃണാളിനിയുടെ ആരോഗ്യം ക്ഷയിപ്പിച്ചു. ആരോഗ്യം വീണ്ടെടുക്കാൻ അവളെ സ്വിറ്റ്സർലാൻഡിലേക്കയച്ചു. അവിടുത്തെ തണുപ്പുള്ള കാലാവസ്ഥ മൃണാളിനിക്ക് ഊർജം പകർന്നു. ഇടവിട്ട് വന്നുകൊണ്ടിരുന്ന പനി വകവയ്ക്കാതെ അവർ ബാലറ്റ്, ഗ്രീക്കു ഡാൻസുകൾ അഭ്യസിക്കാൻ തുടങ്ങി. അവിടുത്തെ കലാലയത്തിൽ ടെന്നീസ്, ബാസ്ക്കറ്റ്ബോൾ, സ്കേറ്റിംഗ്, സ്കീയിംഗ്, ഐസ് ഹോക്കി തുടങ്ങിയ ഇനങ്ങളിൽ അവൾ മികവു കാട്ടി.

തിരിച്ച് നാട്ടിലെത്തിയപ്പോഴേക്കും മമ്മി ദേശീയപ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകയായി മാറിയിരുന്നു. വിജയലക്ഷ്മിപണ്ഡിറ്റ്, സരോജിനി നായിഡു തുടങ്ങിയവർ വീട്ടിലെ നിത്യസന്ദർശകരായി. പക്ഷേ മൃണാളിനി അതൊന്നും ശ്രദ്ധിച്ചില്ല. അവൾ നൃത്താഭ്യസനം തുടർന്നു. ജീവിതമെന്നാൽ അവൾക്ക് നൃത്തമായിരുന്നു. നൃത്തം മാത്രം. നിത്യവിസ്മയമായി അവൾ നൃത്തം ചെയ്തു; അനേക തലമുറകളിലേക്ക് ആ കൈത്തിരിവെട്ടം പകർന്നുകൊണ്ട്.



ചിത്രം: Manu Jha

ശ്രീപത്മനാഭ സ്വാമിക്ഷേത്രം



# തിരുവിതാംകൂറിന്റെ സ്മാരകമന്ദിരങ്ങൾ

**ഡോ. എം ജി ശശിഭൂഷൺ**

തിരുവിതാംകൂർ എന്നൊരു രാജ്യം ഇപ്പോൾ നിലവിലില്ലെങ്കിലും അതിന്റെ പ്രൗഢിയെക്കുറിച്ച് ഓർമിപ്പിക്കുന്ന അനേകം ക്ഷേത്രങ്ങളും കൊട്ടാരങ്ങളും കോട്ടകളും കാലത്തെ അതിജീവിച്ച് ഇന്നും നിലകൊള്ളുന്നുണ്ട്. ഇവയിൽ ഏറ്റവും പ്രധാനം, തിരുവനന്തപുരത്തെ പത്മനാഭസ്വാമി ക്ഷേത്രമാണ്. കൊട്ടാരങ്ങളുടെ കാര്യം നോക്കിയാൽ മുഖ്യം പത്മനാഭപുരംകൊട്ടാരം തന്നെ. പണ്ട് തിരുവിതാംകൂറിൽ ആയിരുന്നെങ്കിലും ഇപ്പോഴത് കേരളത്തിൽപ്പോലുമല്ല. തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലാണ് പത്മനാഭപുരം കൊട്ടാരം. സ്വാതിതിരുനാൾ (1829–1847) പണികഴിപ്പിച്ച തിരുവനന്തപുരത്തെ പുത്തൻ മാളികയും കാണേണ്ട കൊട്ടാരങ്ങളിലൊന്നാണ്.

കോട്ടകളിൽ പ്രധാനം കന്യാകുമാരിയിലെ ഉദയഗിരികോട്ടയും വട്ടക്കോട്ടയും മറ്റുമാണ്. പത്മനാഭപുരത്തും തിരുവനന്തപുരത്തും തിരുവിതാംകൂറിന്റെ കോട്ടകളുണ്ട്.

തിരുവിതാംകൂർ പണ്ടുപണ്ട് വേണാടായാണ് അറിഞ്ഞിരുന്നത്. വേണാടിന്റെ വിവിധ ശാഖകളാണ് ദേശിങ്ങനാടും ഇളയിടവും പേരകവുമെല്ലാം. ഇവരുടെ കൊട്ടാരങ്ങളിൽ പലതും മണ്ണോടു ചേർന്നുപോയെങ്കിലും രാജാക്കന്മാർ സ്ഥാപിച്ച ക്ഷേത്രങ്ങളിൽ ചിലത് ഇപ്പോഴും വലിയ മാറ്റങ്ങൾ കൂടാതെ നിലനിൽക്കുന്നുണ്ട്. പേരകത്തിന്റെ കൊട്ടാരമായിരുന്ന കോയിക്കൽ കൊട്ടാരവും ആറ്റിങ്ങലിന്റെ ആസ്ഥാനമായിരുന്ന ആവണിപുരം കൊട്ടാരവും ഇനിയും വിസ്മൃതമായിട്ടില്ല. എന്നാൽ കളക്കാടും ചേരൻമഹാദേവിയിലും (ചെർമാദേവി) കൊട്ടാരക്കരയിലും കൊല്ലത്തും ഉണ്ടായിരുന്ന കൊട്ടാരങ്ങൾ പഴങ്കഥയായിട്ട് നാളുകൾ ആയി.

**ചരിത്രസ്മാരകങ്ങളിലൂടെ തിരുവിതാംകൂറിനെ പരിചയപ്പെടാൻ ആഗ്രഹിക്കുന്നവർ കാണേണ്ടതാണ് തിരുവനന്തപുരത്തെ അമ്മവീടുകൾ. പടിഞ്ഞാറേ കോട്ടവാതിൽ മുതൽ ഈഞ്ചക്കൽ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലായാണ് അമ്മവീടുകൾ. അരുമന അമ്മവീട്, വടശ്ശേരി അമ്മവീട്, തിരുവട്ടാർ അമ്മവീട്, നാഗർകോവിൽ അമ്മവീട് എന്നിങ്ങനെ അമ്മവീടുകൾ പ്രധാനമായും നാലാണ്. സ്വാതി തിരുനാൾ മഹാരാജാവിന്റെ നർത്തകിയായ ഭാര്യ തഞ്ചാവൂർ സുന്ദരലക്ഷ്മി തിരുവനന്തപുരത്തുള്ളപ്പോൾ ഈ അമ്മവീട്ടിലാണ് പാർത്തിരുന്നത്.**



വട്ടക്കോട്ട *ചിത്രം: Infocaster*

വേണാടുമായി വേർപിരിയാത്ത ബന്ധമുണ്ടായിരുന്ന ആയ്‌വേളുകളുടെ സ്മാരകങ്ങൾ വിഴിഞ്ഞത്തും പാർത്ഥിവപുരത്തും (മുഞ്ചിറ) തിരുവട്ടാറിലും ഇപ്പോഴും കാണാം. ചിതറാലിലെയും നാഗർകോവിലിലെയും ജൈനക്ഷേത്രങ്ങൾ ആദ്യം ആയികളുടെയും പിന്നീട് തിരുവിതാംകൂറിന്റെയും പരിലാളനയിൽ വളർന്നതാണ്. തിരുവിതാംകോട്, കേരളപുരം, വാൾവച്ചഗോഷ്ഠം എന്നിവിടങ്ങളിലെ ഭംഗിയുള്ള ക്ഷേത്രങ്ങളും വേണാടുരാജാക്കന്മാരുമായി ബന്ധപ്പെടുന്നു. പത്മനാഭപുരത്തെ നീലകണ്ഠസ്വാമി ക്ഷേത്രത്തിനും രാമസ്വാമി കോവിലകത്തെ സരസ്വതി അമ്മൻകോവിലിനും വേണാടിന്റെ പൂർവചരിത്രത്തെക്കുറിച്ചു പറയാനുണ്ടാകും.

ചരിത്രസ്മാരകങ്ങളിലൂടെ തിരുവിതാംകൂറിനെ പരിചയപ്പെടാൻ ആഗ്രഹിക്കുന്നവർ കാണേണ്ടതാണ് തിരുവനന്തപുരത്തെ അമ്മവീടുകൾ. പടിഞ്ഞാറെകോട്ടവാതിൽ മുതൽ ഈഞ്ചക്കൽ വരെയുള്ള റോഡിന്റെ ഇരുവശങ്ങളിലായാണ് അമ്മവീടുകൾ. അരുമന അമ്മവീട്, വടശ്ശേരി അമ്മവീട്, തിരുവട്ടാർ അമ്മവീട്, നാഗർകോവിൽ അമ്മവീട് എന്നിങ്ങനെ അമ്മവീടുകൾ പ്രധാനമായും നാലാണ്. വടശ്ശേരി അമ്മവീടിന്റെ പടിഞ്ഞാറുഭാഗത്തുള്ള പതിനാറുകെട്ടിനെ തഞ്ചാവൂർ അമ്മവീടെന്നാണു നാട്ടുകാർ പറയുന്നത്. സ്വാതി തിരുനാൾ മഹാരാജാവിന്റെ നർത്തകിയായ ഭാര്യ തഞ്ചാവൂർ സുന്ദരലക്ഷ്മി (ചില പുസ്തകങ്ങളിൽ സുഗന്ധവല്ലി) തിരുവനന്തപുരത്തുള്ളപ്പോൾ ഈ അമ്മവീട്ടിലാണ് പാർത്തിരുന്നത്.

പത്മനാഭസ്വാമി ക്ഷേത്രത്തിനു ചുറ്റുമുള്ള രാജകീയ മന്ദിരങ്ങളിൽ മാർത്താണ്ഡമഠവും കുഴിമാളികയും രംഗവിലാസവും കൃഷ്ണവിലാസവും വലിയകൊട്ടാരവും അനന്തവിലാസവും സുന്ദരവിലാസവും തേവാരത്തു



പത്മനാഭപുരം കൊട്ടാരം *ചിത്രം: Aviatorjk*



പുത്തൻമാളിക ചിത്രം: *Kerala Tourism*

**കേരളീയ വാസ്തുശില്പ ശൈലിയുടെയും തമിഴ് വാസ്തുശില്പ ശൈലിയുടെയും സങ്കലനമാണ് തിരുവനന്തപുരത്തെ പത്മനാഭ സ്വാമിക്ഷേത്രം. ആദിത്യവർമയാണ് ഇന്നുകാണുന്ന ക്ഷേത്ര ഗോപുരത്തിന്റെ താഴത്തെ രണ്ടുനിലകൾ 1566 ൽ നിർമിച്ചത്. മാർത്താണ്ഡവർമ (1736) വീണ്ടും മൂന്നു നിലകൾ കൂടി ഉയർത്തി.**



കോയിക്കലും വടക്കേകൊട്ടാരവും ശ്രീപാദം കൊട്ടാരവും നിരവധി ചരിത്രസംഭവങ്ങൾക്കു മൂകസാക്ഷികൾ ആയിരുന്നു.

പത്മനാഭസ്വാമിക്ഷേത്രം തന്നെയാണ് പ്രശസ്തിയിൽ ഒന്നാമത്. ക്ഷേത്രത്തെപ്പറ്റി കേട്ടറിഞ്ഞ് അകലെ നിന്നു പോലും വന്നവർ നിരവധിയാണ്. നമ്മാഴ്‌വാരും തിരുമങ്കൈ ആഴ്‌വാരും (എട്ടാം നൂറ്റാണ്ട്) ക്ഷേത്രദർശനം നടത്തുക മാത്രമല്ല പത്മനാഭ സ്വാമി ക്ഷേത്രത്തെപ്പറ്റി കീർത്തനങ്ങൾ രചിക്കുകയും ചെയ്തു. രാമാനുജാചാര്യർ, മധ്യാചാര്യർ, ചൈതന്യ മഹാപ്രഭു, ഗുരുനാനാക്ക്, സ്വാമിനാരായണൻ തുടങ്ങിയവരും പത്മനാഭസ്വാമി ക്ഷേത്രത്തിൽ വന്നു ദർശനം നടത്തിയിരുന്നു.

ഗുരുനാനാക്ക് പത്മനാഭ സ്വാമിക്ഷേത്രത്തെപ്പറ്റി പഞ്ചാബിഭാഷയിൽ എഴുതിയ കവിത 'ആദിഗ്രന്ഥി' യിൽ കാണാം.

നാമിന്നു കാണുന്ന പത്മനാഭസ്വാമിക്ഷേത്രത്തിന്റെ മിക്കഭാഗങ്ങളും പതിനെട്ടാം നൂറ്റാണ്ടിൽ ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ അനിഴം തിരുനാൾ മാർത്താണ്ഡവർമ (1729–1798) പുതുക്കിപ്പണിഞ്ഞതാണ്. പതിനാറാം നൂറ്റാണ്ടിൽ പുതുക്കിപ്പണിഞ്ഞുവെങ്കിലും തിരുവാമ്പാടി ക്ഷേത്രവും അതിനു മുമ്പിലുള്ള മണ്ഡപവും പന്ത്രണ്ടാംനൂറ്റാണ്ടിൽ നിർമിച്ചതാണ്.

രവിവർമ കുലശേഖരൻ സ്ഥാപിച്ചതാണ് പത്മനാഭ സ്വാമിക്ഷേത്രത്തിനു പടിഞ്ഞാറുള്ള കാഞ്ചീപുരം വിഷ്ണുക്ഷേത്രം. നാൽപ്പത്തിഎട്ടാം വയസ്സിൽ (1314) കാഞ്ചീപുരത്തു വച്ചു നടത്തിയ കിരീടധാരണത്തെ അനുസ്മരിപ്പിക്കുവാനാണ് സംഗ്രാമധീരൻ കാഞ്ചീപുരം വിഷ്ണുക്ഷേത്രവും കാഞ്ചീപുരം മഠവും പത്മനാഭസ്വാമി ക്ഷേത്രത്തിനോട് അനുബന്ധിച്ച് ആരംഭിച്ചത്. മഠം ഇപ്പോൾ രേഖകളിൽ മാത്രമേയുള്ളൂ.

പത്മനാഭസ്വാമിക്ഷേത്രത്തിൽ ഇന്നു കാണുന്ന ശ്രീകോവിലും അദിശ്രവണ ഒറ്റക്കൽമണ്ഡപവും അദിശ്രവണമണ്ഡപവും ചെറുചുറ്റും നാലമ്പലവും വിളക്കുമാടവും പുറമതിലും മറ്റും നിർമിച്ചത് മാർത്താണ്ഡവർമയുടെ രാജ്യഭരണകാലത്താണ്.

കേരളീയ വാസ്തുശില്പ ശൈലിയുടെയും തമിഴ് വാസ്തുശില്പശൈലിയുടെയും സങ്കലനമാണ് തിരുവനന്തപുരത്തെ പത്മനാഭ സ്വാമിക്ഷേത്രം. ആദിത്യവർമയാണ് ഇന്നുകാണുന്ന ക്ഷേത്ര ഗോപുരത്തിന്റെ താഴത്തെ

രണ്ടുനിലകൾ 1566 ൽ നിർമിച്ചത്. മാർത്താണ്ഡവർമ (1736) വീണ്ടും മൂന്നു നിലകൾ കൂടി ഉയർത്തി. അവസാനത്തെ രണ്ടുനിലകൾ നിലവിൽ വന്നത് കാർത്തികതിരുനാൾ രാമവർമമഹാരാജാവിന്റെ (1758–1769) കാലത്താണ്. ഏകദേശം 100 അടി ഉയരമുള്ള ഗോപുരത്തിന്റെ മുകളറ്റം ഒരു വഞ്ചിയുടെ ആകൃതിയിലാണ്. തിരുവിതാംകൂർ രാജവംശം വഞ്ചിവംശമായും അറിയപ്പെട്ടിരുന്നു.

1748 മുതൽ 1751 വരെയുള്ള മൂന്നു വർഷങ്ങൾ കൊണ്ടാണ് ക്ഷേത്രത്തിന്റെ പുനർനിർമാണ പ്രവർത്തനങ്ങൾ നടന്നത്. 1685 മകരം ഒന്നാംതീയതി രാത്രിയിൽ പത്മനാഭസ്വാമിക്ഷേത്രത്തിനു തീപിടിച്ചതിനെത്തുടർന്നു വളരെക്കാലം പൂജയും നിവേദ്യവും മുടങ്ങിപ്പോയിരുന്നു. എട്ടരയോഗം എന്നറിയുന്ന ഭരണസമിതിയും തൃപ്പാപ്പൂർ മൂപ്പൻ പിന്തുണകൊടുത്തിരുന്ന നിലമുടമകളും തമ്മിലുണ്ടായിരുന്ന സംഘർഷമാണ് തീപിടുത്തത്തിനു കാരണമായി കണക്കാക്കുന്നത്.

നാമിന്നു കാണുന്ന പത്മനാഭസ്വാമിക്ഷേത്രത്തിന്റെ വാസ്തുശില്പി തൈക്കാട്ടു കേശവൻ വിഷ്ണുത്രാതനാണ്. കടുശർക്കരയോഗം എന്നറിയപ്പെടുന്ന പ്രത്യേകതരം കുമ്മായക്കൂട്ടിലാണ് 18 അടി നീളമുള്ള അനന്തശയനപത്മനാഭവിഗ്രഹത്തിന്റെ നിർമിതി. അഞ്ചടിയോളം ഉയരവും ഈ വിഗ്രഹത്തിനുണ്ട്. ഇതിൽ രണ്ടരയടിയോളം ഉയരം മൂന്നു ചുറ്റിലുള്ള ചുവട്ടിലെ അനന്തനാണ്.

തുളുനാട്ടിലോ വടക്കൻ കേരളത്തിലോ ഉള്ളവരാണ് പത്മനാഭസ്വാമി ക്ഷേത്രത്തിലെ പൂജാരികൾ. ഉമയമ്മ റാണിയുടെ കാലം മുതൽ ഇരിഞ്ഞാലക്കുടയിലെ നെടുംപള്ളി തരണനല്ലൂർ കുടുംബത്തിനാണ് ക്ഷേത്രപൂജയുടെ മേൽനോട്ടം. നടുവിൽ മഠം, മുഞ്ചിറമഠം എന്നീ പേരുകളിൽ അറിയപ്പെടുന്ന രണ്ടു നമ്പൂതിരി സന്യാസിമഠങ്ങളിലുള്ളവർ ഊഴവ്യവസ്ഥയിൽ വേദമന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് പത്മനാഭവിഗ്രഹത്തിനു പുഷ്പാഞ്ജലിയും അർപ്പിച്ചിരുന്നു.

ശീവേലിപ്പുരയുടെ നിർമാണവും (96 മീ x 125 മീറ്റർ) മാർത്താണ്ഡവർമയുടെ സംഭാവനയാണ്. ഓരോ തൂണിലും വിളക്കെടുത്തു നിൽക്കുന്ന ദീപകന്യകമാരെ കല്ലിൽ കൊത്തിവച്ചിട്ടുണ്ട്.

മാർത്താണ്ഡവർമ മഹാരാജാവിന്റെ ഭാഗിനേയനായ കാർത്തികതിരുനാൾ രാമവർമയുടെ കാലത്തു നിർമിച്ചതാണ് ക്ഷേത്രത്തിലെ കുലശേഖരമണ്ഡപം. രാജാവിന്റെ ഹിരണ്യഗർഭവും തുലാപുരുഷദാനവും ഈ മണ്ഡപത്തിൽ വച്ചാണ് നടന്നത്.

വിഗ്രഹശാസ്ത്രപ്രധാനമായ കരിങ്കൽശില്പങ്ങളുടെ ഒരു പ്രദർശനശാല കൂടിയാണ് ഈ കുലശേഖര മണ്ഡപം. രണ്ടു തട്ടുകളായാണ് കുലശേഖരമണ്ഡപത്തിന്റെ നിർമിതി. പാടുന്ന കൽത്തൂണുകൾ എന്നറിയപ്പെടുന്ന നാലു തൂണുകൾ നാലറ്റങ്ങളിലായി ഇവിടെ കാണാം.

അല്പശി, വൈങ്കുനി എന്നിങ്ങനെ വർഷത്തിൽ രണ്ടുത്സവങ്ങൾ പത്മനാഭസ്വാമിക്ഷേത്രത്തിൽ ഉണ്ടാകും. ആറ് വർഷത്തിലൊരിക്കൽ നടക്കുന്ന മുറജപം 56 ദിവസം നീണ്ടുപോയിരുന്നു. ചെറിയതോതിൽ നടന്നിരുന്ന മുറജപവും ഭദ്രദീപവും വിപുലമായ ചടങ്ങുകളാകുന്നത് മാർത്താണ്ഡവർമയുടെ ഭരണകാലം മുതലാണ്.

അനന്തതീർത്ഥം, ദർപ്പക്കുളം എന്നെല്ലാം അറിഞ്ഞിരുന്ന ക്ഷേത്രമുറ്റത്തെ കുളം ഇന്നത്തെ നിലയിൽ വിപുലമാക്കിയതും മാർത്താണ്ഡവർമ മഹാരാജാവാണ്. അദ്ദേഹമാണ് കുളത്തിനു പത്മതീർത്ഥമെന്നു നാമകരണം നടത്തിയതും. സ്വർണം കൊണ്ടു നിർമിച്ച ഒരു താമര ഈ തീർത്ഥത്തിന്റെ നടുവിൽ ഉണ്ടായിരുന്നു.

ക്ഷേത്രത്തിൽ സ്ഥാപിച്ച അനന്തശയനവിഗ്രഹം നിർമിക്കാനായി നേപ്പാളിൽ നിന്നു കൊണ്ടുവന്ന സാളഗ്രാമങ്ങളിൽ (മഹാവിഷ്ണുവിന്റെ അവതാരം എന്നു വിശ്വസിക്കപ്പെടുന്ന ഈ കല്ലുകൾ ശാസ്ത്രദൃഷ്ടിയിൽ അമോണൈറ്റ് കല്ലുകളാണ്. കടലിനടിയിൽ ടെതിസ് എന്ന ജുറാസിക്


കാർത്തികതിരുനാൾ രാമവർമ

യുഗത്തിൽ കാണപ്പെട്ടിരുന്ന ചുരുൾ പോലുള്ള ഫോസിലുകൾ ആണിവ.) മിച്ചം വന്നതിൽ ചിലത് ഈ കുളത്തിലും നിക്ഷേപിച്ചിരുന്നുവത്രേ.

ആറു കുളിക്കടവുകളും എട്ടു ചെറുമണ്ഡപങ്ങളുമുണ്ട് പത്മതീർത്ഥത്തിന്. നട്ടുച്ചയ്ക്ക് പത്മതീർത്ഥത്തിൽ ഉണ്ടാകുന്ന നീരാവിയുമായി എത്തുന്ന തണുത്ത കാറ്റ് എതിർവശത്തുള്ള വലിയ കൊട്ടാരത്തിന് ഉച്ചസമയത്തുപോലും തെല്ലു തണുപ്പു നൽകിയിരുന്നു.

വലിയ കൊട്ടാരമെന്നും പെരുമാൾകൊട്ടാരമെന്നും മറ്റും അറിഞ്ഞിരുന്ന കെട്ടിട സമുച്ചയത്തിനു വടക്കുള്ള കരുവലപ്പുരമാളികയും (രാജകീയ ട്രഷറി) മാർത്താണ്ഡവർമയുടെ കാലത്തു നിർമിച്ചതാണ്. കൗതുകമണിയിലുള്ള ഊശാൻതാടിക്കാരന്റെ രൂപം കണ്ടു ജനങ്ങൾ ഇതിനെ മേത്തൻമണിയായി വിശേഷിപ്പിച്ചു. 1772-ലാണ്, ഈ മണി ഇവിടെ സ്ഥാപിച്ചത്. ഡച്ചുകാരിൽ നിന്നാണ് ഈ മണി കാർത്തികതിരുനാൾ രാമവർമ മഹാരാജാവ് വിലയ്ക്കു വാങ്ങിയത്. മണിക്കു വേണ്ട പരിഷ്കാരങ്ങൾ വരുത്തിയതും ഇവിടെ അതു



പത്മതീർത്ഥക്കുളം ചിത്രം: Ashcoounter

**മണിക്കൂറുകളുടെ വ്യത്യാസമനുസരിച്ച് ഇരുഭാഗത്തുമുള്ള ആടുകൾ ഊശാൻതാടിക്കാരനെ ആഞ്ഞുകുത്തുന്നതും അയാൾ അപ്പോൾ വായ് തുറക്കുന്നതും ശബ്ദമുണ്ടാക്കുന്നതും അതുകഴിഞ്ഞ് വായ് പൂട്ടുന്നതും മറ്റുമാണ് പെരുംകൊല്ലന്റെ മനോധർമങ്ങൾ. മേഷമണി, ബൗദ്ധൻമണി എന്നെല്ലാം അറിഞ്ഞിരുന്ന ഈ മണിസൂത്രത്തിലെ അക്കങ്ങൾ റോമൻലിപിയിലാണ്.**

സ്ഥാപിച്ചതും നാട്ടുകാരനായ ഒരു പെരുംകൊല്ലനായിരുന്നു. മണിക്കൂറുകളുടെ വ്യത്യാസമനുസരിച്ച് ഇരുഭാഗത്തുമുള്ള ആടുകൾ ഊശാൻതാടിക്കാരനെ ആഞ്ഞുകുത്തുന്നതും അയാൾ അപ്പോൾ വായ് തുറക്കുന്നതും ശബ്ദമുണ്ടാക്കുന്നതും അതുകഴിഞ്ഞ് വായ് പൂട്ടുന്നതും മറ്റുമാണ് പെരുംകൊല്ലന്റെ മനോധർമങ്ങൾ. മേഷമണി, ബൗദ്ധൻമണി എന്നെല്ലാം അറിഞ്ഞിരുന്ന ഈ മണിസൂത്രത്തിലെ അക്കങ്ങൾ റോമൻലിപിയിലാണ്.

പിച്ചളച്ചക്രങ്ങളിൽ തൂക്കിയിട്ടിരിക്കുന്ന ഭാരക്കട്ടികളുടെ ആരോഹണാവരോഹണങ്ങളാണ് കൗതുകമണിയുടെ ചലനങ്ങളെ സൂക്ഷ്മതയോടെ നിയന്ത്രിക്കുന്നത്. ഹൈദരാലിഖാൻ കേരളം രണ്ടാമതായി ആക്രമിക്കുന്നതിനു (1773) തൊട്ടുമുൻപ് സ്ഥാപിച്ച ഈ കൗതുകമണിക്ക് ഒരു രാഷ്ട്രീയദൗത്യം കൂടി ഉണ്ടായിരുന്നു. 1771ൽ സ്ഥാപിച്ച മേത്തൻമണി, തിരുവിതാംകൂർകാരുടെ ഭയത്തെയും ആശങ്കകളെയും ദൂരീകരിക്കാൻ നടത്തിയ ഒരു രാഷ്ട്രീയനീക്കം കൂടി ആയിരുന്നു. നാഴിക, വിനാഴിക എന്ന പഴയ സമയവിഭജനത്തിനു പകരം മണിക്കൂർ, മിനിട്ട് എന്ന പുതിയ സമയവിഭജനത്തിനു പ്രാധാന്യം നൽകിയതും മേത്തൻമണിയുടെ സംഭാവനയാണ്.

തിരുവിതാംകൂറിലെ ചരിത്രസ്മാരകങ്ങൾക്ക് ഇങ്ങനെ എന്തെല്ലാം കഥകൾ പറയാനുണ്ടാകും.

മേത്തൻമണി ചിത്രം: Kiran Gopi



# അച്ഛനും അമ്മയും

**അക്കിത്തം**

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല.

അന്തിക്കു പൂനിലാവുണ്ടായിത്തീരുന്ന-
തമ്മിഞ്ഞപ്പാലിൽനിന്നാണല്ലോ
അന്തിക്കു മാനത്തുമിന്നുന്ന നക്ഷത്ര-
മമ്മതൻ കണ്ണുനീരാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല.

പുലർകാലത്തിളവെയിലൂറുന്നതച്ഛന്റെ
പുഞ്ചിരിയിങ്കൽനിന്നാണല്ലോ
ഉച്ചയ്ക്കാ വെയിലിന്നു ചൂടുണ്ടായ്ത്തീരുന്ന-
തച്ഛന്റെ ചിന്തകൊണ്ടാണല്ലോ.

അമ്മതൻ മാറത്തു പറ്റിക്കിടക്കുമ്പോ-
ളാശ്വാസത്തിന്നതിരില്ല.
അച്ഛന്റെ മടിയിലിരിക്കുംനേര-
ത്തഭിമാനത്തിന്നളവില്ല.

(അക്കിത്തത്തിന്റെ കുട്ടിക്കവിതകളിൽ നിന്ന്.)




വര: സചീന്ദ്രൻ കാറഡ്ക്ക

# വിഡ്ഢികളുടെ ഉപകാരം

(ജാതകകഥ)

ചിത്രീകരണം വെങ്കി



വാരാണസിയിലെ ബ്രഹ്മദത്തമഹാരാജാവിനു മനോഹരമായ ഒരു പൂന്തോട്ടമുണ്ടായിരുന്നു. തോട്ടം സംരക്ഷിക്കാൻ ഒരു കാവൽക്കാരനും.



ആ തോട്ടത്തിൽ കുറെ കുരങ്ങന്മാർ വന്നുകൂടി. താമസിയാതെ അവർ തോട്ടംകാവൽക്കാരന്റെ ചങ്ങാതിമാരായി മാറി. നഗരത്തിലെ ഒരു ഉത്സവകാലം. പ്രജകളെല്ലാം അണിഞ്ഞൊരുങ്ങി പലതരം വിനോദങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു. തോട്ടം കാവൽക്കാരന് ഉത്സവത്തിനു പോകണമെന്നുണ്ട്. പക്ഷേ, പൂന്തോട്ടത്തിന് ആരു കാവൽ നിൽക്കും? ആരു വെള്ളമൊഴിക്കും?

തോട്ടംകാവൽക്കാരൻ അതൊക്കെ ആലോചിച്ചു ദുഃഖിച്ചിരുന്നപ്പോൾ കുരങ്ങന്മാരുടെ തലവൻ അയാളുടെ അടുത്തെത്തി. അയാളുടെ ദുഃഖത്തിന്റെ കാരണമാരാഞ്ഞു. കുരങ്ങൻ പറഞ്ഞു.

"സുഹൃത്തേ, തോട്ടത്തിനു ഞങ്ങൾ കാവൽ നിൽക്കാം. താങ്കൾ ഉത്സവത്തിനു പൊയ്ക്കൊള്ളൂ. ഇങ്ങനെ ഒരു സഹായം ചെയ്തില്ലെങ്കിൽ നമ്മൾ ചങ്ങാതിമാരാണെന്നു പറയുന്നതിൽ എന്താണർത്ഥം?" തോട്ടംകാവൽക്കാരനു സന്തോഷമായി. അയാൾ പറഞ്ഞു:



"വൈകുന്നേരം ചെടികൾക്കു വെള്ളമൊഴിക്കണം. കുളത്തിൽ വെള്ളം കുറവാണ്. അല്പം വെള്ളംപോലും നഷ്ടപ്പെടുത്തരുത്."

"ശരി ഞങ്ങളേറ്റു."

കുരങ്ങൻ ഉറപ്പുകൊടുത്തു തോട്ടംകാവൽക്കാരൻ ഉത്സവത്തിനു പോയി. കുരങ്ങന്മാർ പൂന്തോട്ടത്തിനു കാവൽ നിന്നു. വൈകുന്നേരമായപ്പോൾ കുരങ്ങന്മാരുടെ നേതാവ്



മറ്റുള്ളവരോടു പറഞ്ഞു.
"കുളത്തിൽ വെള്ളം കുറവാണ്. എല്ലാ ചെടികൾക്കും വെള്ളമൊഴിക്കുകയും വേണം. അതിനൊരു മാർഗമുണ്ട്. ചില ചെടികൾക്കു ധാരാളം വേരുകളുണ്ട്. മറ്റുചിലതിനു വേരുകൾ കുറവാണ്. കൂടുതൽ വേരുകളുള്ള ചെടികൾക്കു കൂടുതൽ വെള്ളമൊഴിക്കണം. വേരുകൾ കുറച്ചുള്ളതിനു വെള്ളവും കുറച്ചു മതി."





"അതെങ്ങനെ തിരിച്ചറിയും?" ഒരു കുട്ടിക്കുരങ്ങൻ ചോദിച്ചു. അപ്പോൾ നേതാവു പറഞ്ഞു. "നിങ്ങളിത്ര വിഡ്ഢികളായി പ്പോയല്ലോ! അതറിയാനാണോ പ്രയാസം? ഓരോ ചെടിയും വേരുപൊട്ടാതെ മെല്ലെ പിഴുതുനോക്കണം. തിരിച്ചറിയാം. ഉം, ശരി പണി തുടങ്ങിക്കോളിൻ." കുരങ്ങന്മാർ ഓരോ ചെടിയും വളരെ ശ്രദ്ധിച്ചു വേരു പൊട്ടാതെ മെല്ലെ പിഴുതെടുത്തു.

പിറ്റേദിവസം രാവിലെ തോട്ടക്കാരൻ തിരിച്ചെത്തിയപ്പോഴും കുരങ്ങന്മാർ ചെടികൾ പിഴുതുകൊണ്ടിരിക്കുകയാണ്. ആ കാഴ്ച കണ്ട് അയാൾ ബോധംകെട്ടുവീണു. വിഡ്ഢികൾ ഉപകാരം ചെയ്താൽ അതും ഉപദ്രവമായി മാറുമെന്ന് അയാൾ തിരിച്ചറിഞ്ഞു.





വര: ആശ ആർ



# പകൽ

ഹരിദാസ് സാരംഗി

പകലോൻ കതിരൊളി തൂകീട്ടല്ലേ
നിശയുടെ യാത്ര തുടങ്ങീടൂ
നിശയുടെ യാത്ര കഴിഞ്ഞിട്ടല്ലേ
ഭൂവിൽ പുലരി വിരിഞ്ഞീടൂ
കാറ്റല വന്നു പതിച്ചാലല്ലേ
മഴമേഘം ചെറുമഴതൂകൂ
ചെറുമഴ വീണു കുതിർന്നാലല്ലേ
ചെറുവിത്തിൽ മുള വന്നീടൂ
മുളപൊട്ടും ചെറുചെടികളിലല്ലേ
പൂവുകൾ പുഞ്ചിരി തൂകീടൂ
പുഞ്ചിരിതൂകും പൂക്കളിലല്ലേ
വണ്ടുകൾ തേൻ വന്നുണ്ടീടൂ
മഴവിൽ വാനിലുദിച്ചാലല്ലേ
മയിലുകൾ നൃത്തം ചെയ്തീടൂ
കടലല വന്നു പുണർന്നാലല്ലേ
തീരം കടലിൻ നോവറിയൂ
കതിരോൻ പോയി മറഞ്ഞാലല്ലേ
താരക, ഉമ്പിളി വന്നണയൂ
പകലോൻ നിത്യമുദിച്ചാലല്ലേ
ഭൂമിയിൽ ജീവൻ നിലനിൽക്കൂ.

കഥ

# സ്വർണക്കോട്ടയിലെ മയിൽ

## (ഫെലൂദയുടെ സാഹസങ്ങൾ)

**സത്യജിത് റായ്**
**പുനരാഖ്യാനം - എം ചന്ദ്രപ്രകാശ്**

**രണ്ട്**

ഫെലൂദ അല്പനേരം നിശ്ശബ്ദനായി. പിന്നെ സുധീർധറിന്റെ മുഖത്തേക്കുറ്റു നോക്കി ഫെലൂദ ചോദിച്ചു.

''മുകലാണെന്നു തെറ്റിദ്ധരിച്ച് ആ കുട്ടിയെ തട്ടിക്കൊണ്ടുപോയതാകാമെന്ന് താങ്കൾ കരുതുന്നുണ്ട് അല്ലേ?''

''ഉണ്ട്... കാരണം എന്റെ മകനും ഈ കുട്ടിയും തമ്മിൽ നല്ല മുഖസാദൃശ്യമുണ്ട്. ഒരേ പ്രായവുമാണ്. ഞങ്ങളുടെ അയൽക്കാരനായ ശിവരത്തൻ മുഖർജിയുടെ കൊച്ചുമകനാണ്. അദ്ദേഹം ഒരു വക്കീലാണ്. കുട്ടിയുടെ പേര് നീലു. അപ്രതീക്ഷിതമായ ആ സംഭവത്തിൽ മുഖർജിയുടെ കുടുംബം ശരിക്കും പേടിച്ചുപോയി. മുഖർജിക്കു പോലീസിൽ നല്ല പിടിപാടുള്ളതുകൊണ്ട് അന്വേഷണം നന്നായി നടന്നു. നീലുവിനെ തിരിച്ചു കിട്ടി... പക്ഷേ?''

''ഓ... ആ കുട്ടിയെ തിരിച്ചുകിട്ടി അല്ലേ? പിന്നെന്താ പ്രശ്നം?''

ഫെലൂദ കൂടുതൽ വിവരങ്ങൾ അറിയാനുള്ള ആകാംക്ഷയോടെ തിരക്കി.

''അതേ. ഇന്നു പുലർച്ചെ നീലുവിനെ പോലീസ് കണ്ടുപിടിച്ചു. പക്ഷേ അതുകൊണ്ടു കുഴപ്പം വർധിക്കുകയല്ലേ ഉള്ളൂ ഫെലൂദാ, എന്റെ കാര്യം താങ്കൾ ഒന്നാലോചിച്ചു നോക്കൂ, ഭ്രാന്തുപിടിച്ച അവസ്ഥയിലാ ഞാൻ... തങ്ങൾക്കു തെറ്റുപറ്റിയെന്ന് നീലുവിനെ കിഡ്നാപ്പ് ചെയ്തവർക്ക് മനസ്സിലായിട്ടുണ്ട്. മുകൽ ഡോ. ഹാജ്റയുടെ കൂടെ ജോധ്പുരിലേക്കു പോയ കാര്യം നീലു അവരോടു പറയുകയും ചെയ്തു. ഇനിയിപ്പോ നിധി തട്ടിയെടുക്കാൻ അവർ മുകലിനെത്തേടി ജോധ്പൂരിലേക്കു പോകില്ലേ?''

ഫെലൂദ മറുപടി ഒന്നും



വര: ടി ആർ രാജേഷ്

പറഞ്ഞില്ല. ന്യായമായ സംശയമാണ് ധർ ഉന്നയിക്കുന്നത്. ഫെലൂദ ഏതോ വലിയ ആലോചനയിൽ മുഴുകി. അങ്ങനെയുള്ള സമയത്ത് സംഭവിക്കുന്നതുപോലെ നെറ്റിയിൽ നാലുവരകൾ പ്രത്യക്ഷപ്പെട്ടു. എന്റെ ശ്വാസോച്ഛ്വാസത്തിന്റെ വേഗത കൂടി. ഈ പൂജാ അവധിക്കാലം ഫെലൂദയുടെ കൂടെ രാജസ്ഥാനിലേക്കു പോകാനുള്ള സൗഭാഗ്യമുണ്ടാകുമോ? ചരിത്രപുസ്തകങ്ങളിൽ വായിച്ചറിഞ്ഞ ചിറ്റോറിലും ഉദയ്പ്പൂരിലും രാജകാഹനിയിലുമെല്ലാം ചുറ്റിക്കറങ്ങാൻ സാധിക്കുമോ? ശ്രീനാഥ് ചായയുമായി വന്നപ്പോൾ എന്റെ സ്വപ്നം മുറിഞ്ഞു. ട്രേയിൽ നിന്ന് ഒരു കപ്പ് മിസ്റ്റർ ധറിന് ഫെലൂദ എടുത്തുകൊടുത്തു.

ഒരു കവിൾ ചായ കുടിച്ചതിനുശേഷം സുധീർ ധർ ഫെലൂദയോട് ഒരപേക്ഷയുടെ മട്ടിൽ പറയാൻ തുടങ്ങി.

''താങ്കളെക്കുറിച്ച് കൈലാസ് ചൗധരിയാണ് എന്നോടു പറഞ്ഞതെന്ന് ഞാൻ പറഞ്ഞല്ലോ... അതെനിക്ക് വലിയ ആത്മവിശ്വാസം പകർന്നു. ഏറ്റെടുക്കുന്ന കാര്യം വളരെ ഭംഗിയായി ചെയ്യുന്ന ഒരാളാണെന്നാണ് ചൗധരി അദ്ദേഹത്തിന്റെ അനുഭവം വച്ചു പറഞ്ഞത്. അങ്ങനെയാണെങ്കിൽ എന്റെ മകനെ കണ്ടെത്താനും രക്ഷിക്കാനും നിങ്ങൾക്കു കഴിയും. താങ്കൾ രാജസ്ഥാൻവരെ പോകുമോ? ഡോ. ഹാജ്റയും മുകലും സുരക്ഷിതരാണെന്ന് അറിഞ്ഞാൽ ഞങ്ങൾക്ക് മനസ്സമാധാനമാകും. അഥവാ അവർ എന്തെങ്കിലും അപകടത്തിൽ പ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും താങ്കൾക്ക് അവരെ രക്ഷപ്പെടുത്താൻ കഴിയും എന്നാണ് ഞാൻ ഉറച്ചു വിശ്വസിക്കുന്നത്. താങ്കൾ ധീരനാണ്. അറിയാമല്ലോ ഞാൻ ഒരു സാധാരണ മനുഷ്യനാണ്. മകനെ നഷ്ടമായാൽ പിന്നെ ഞങ്ങൾ ജീവിച്ചിരിക്കില്ല. താങ്കൾ രാജസ്ഥാനിലേക്കു പോവുകയാണെങ്കിൽ ചെലവുകളെല്ലാം ഞാൻ വഹിച്ചോളാം...''

ഫെലൂദയുടെ മുഖത്ത് വിവിധ ഭാവങ്ങൾ നിമിഷനേരംകൊണ്ട് മിന്നിമറയുന്നത് ഞാൻ കണ്ടു. ഒരു മിനിറ്റ് നേരത്തെ മൗനത്തിനുശേഷം അദ്ദേഹം പറഞ്ഞു.

''താങ്കളുടെ വിഷമം ഞാൻ മനസ്സിലാക്കുന്നു. തനിക്ക് കുറച്ചു ആലോചിക്കാനുണ്ട്. എന്റെ തീരുമാനം താങ്കളെ ഞാൻ നാളെ അറിയിക്കാം. പിന്നെ നിങ്ങളുടെ മകന്റെ ഫോട്ടോ എനിക്കു വേണം. പത്രത്തിൽ വന്നത് അത്ര വ്യക്തമല്ല.''

ചായമുഴുവൻ കുടിച്ചു തീർത്ത് കപ്പ് ട്രേയിൽ തിരിച്ചുവച്ചുകൊണ്ട് സുധീർ ധാൻ പറഞ്ഞു.

''എന്റെ കസിൻ ഫോട്ടോഗ്രാഫിയിൽ നല്ല കമ്പമുള്ള ആളാണ്. അയാളെടുത്ത മുകലിന്റെ കുറെ ഫോട്ടോകൾ എന്റെ ഭാര്യയുടെ കൈവശം കാണും.''

''നന്നായി. അതെനിക്ക് എത്തിക്കുമല്ലോ?''

''തീർച്ചയായും.'' ധർ എഴുന്നേറ്റു. ഫെലൂദയുടെ കൈപിടിച്ചു കുലുക്കി അയാൾ പറഞ്ഞു.

''താങ്കളെ കാണാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്. എന്റെ കടയിലെ ടെലിഫോൺ ഞാൻ തരാം... നമ്പർ 345116... രാവിലെ പത്തുമണിമുതൽ മിക്കവാറും ഞാൻ കടയിൽത്തന്നെ ഉണ്ടാകും.''

''താങ്കൾ എവിടെയാണ് താമസിക്കുന്നത്?'' ഫെലൂദ ചോദിച്ചു.

''മെച്ചോബസാറിലാണ്. മെയിൻ റോഡരികിൽ തന്നെ. മെച്ചോബസാറിലെ ഏഴാം നമ്പർ തെരുവ്.''

''ഓ കെ.. ഞാൻ താങ്കളുമായി ബന്ധപ്പെടാം.''

ഫെലൂദയെ തൊഴുതുകൊണ്ട് സുധീർഖാൻ പുറത്തേക്കു നടന്നു. അദ്ദേഹത്തെ യാത്രയയ്ക്കാൻ ഞാൻ കൂടെച്ചെന്നു. ധർ പോയപ്പോൾ മുൻവശത്തെ വാതിൽ കുറ്റിയിട്ട് ഞാൻ സ്വീകരണമുറിയിലേക്കു തിരിച്ചുവന്നു.

''അദ്ദേഹം പറഞ്ഞ ഒരു വാക്കിന്റെ അർത്ഥം എനിക്കത്ര മനസ്സിലായില്ല...''

ഞാൻ ഫെലൂദയോടു പറഞ്ഞു.

''പാരാസൈക്കോളജിസ്റ്റാണോ?''

''ങ് ആ.. അതുതന്നെ.''

''മനുഷ്യമനസ്സിനെക്കുറിച്ച് എന്താണ് നിന്റെ സങ്കല്പം?''

ഫെലൂദ എന്നെ കുഴയ്ക്കുന്ന ചോദ്യമാണ് ചോദി

താങ്കൾക്ക് അവരെ രക്ഷപ്പെടുത്താൻ കഴിയും എന്നാണ് ഞാൻ ഉറച്ചുവിശ്വസിക്കുന്നത്. താങ്കൾ ധീരനാണ്. അറിയാമല്ലോ ഞാൻ ഒരു സാധാരണ മനുഷ്യനാണ്. മകനെ നഷ്ടമായാൽ പിന്നെ ഞങ്ങൾ ജീവിച്ചിരിക്കില്ല. താങ്കൾ രാജസ്ഥാനിലേക്കു പോവുകയാണെങ്കിൽ ചെലവുകളെല്ലാം ഞാൻ വഹിച്ചോളാം..

ച്ചത്. വായിച്ച പുസ്തകങ്ങളിൽ നിന്നെല്ലാം അതു വളരെ സങ്കീർണമാണെന്നാണ് എനിക്കു മനസ്സിലായിട്ടുള്ളത്. ആ ഒരു ധൈര്യത്തിന്റെ പിൻബലത്തിൽ ഞാൻ പറഞ്ഞു.

“മനുഷ്യമനസ്സ് ആർക്കും എളുപ്പത്തിൽ പിടികിട്ടാത്ത ഒരു സാധനമാണ്.”

“ഗുഡ്... നിനക്കു വിവരമുണ്ട്.”

ഫെലൂദ തുടർന്നു.

“മനുഷ്യമനസ്സിലെ നിഗൂഢതകളെക്കുറിച്ചു പഠിക്കുന്നവരെയാണ് പാരാസൈക്കോളജിസ്റ്റുകൾ എന്നുപറയുന്നത് മനസ്സിലായോ? ടെലിപ്പതി എന്നു കേട്ടിട്ടുണ്ടോ? മറ്റൊരാളുടെ മനസ്സിലെ ചിന്തകളും വിചാരങ്ങളും വായിച്ചറിയുന്ന ഒരു *ശാസ്ത്രസൂത്രമാണത്. ഉറച്ച മനോബലമുണ്ടെങ്കിൽ ആർക്കും നല്ല ഒരു ടെലിപ്പതിക്ക് ആവാൻ കഴിയും. അതുപോലെ ഉദാഹരണത്തിന് നീയിപ്പോൾ നിന്റെ പഴയ ഒരു ചങ്ങാതിയെ ഓർക്കുന്നുവെന്നിരിക്കട്ടെ. ആ സമയത്ത് തന്നെ നിന്നെ അവൾ ഫോണിൽ വിളിക്കുകയാണെങ്കിൽ അതു ശക്തമായ ടെലിപ്പതിമൂലം സംഭവിച്ചതാണെന്ന് പറയാം.”

ഒന്നു നിർത്തി ഫെലൂദ തുടർന്നു.

“മറ്റൊന്നുള്ളത് അതീന്ദ്രിയജ്ഞാനമാണ്. വരാൻ പോകുന്ന സംഭവങ്ങളെക്കുറിച്ച് മുന്നറിയിപ്പു തരുന്ന പ്രതിഭാസമാണത്. അത്തരത്തിൽ പൂർവജന്മത്തിലെ കാര്യങ്ങൾ അതേപോലെ ഓർത്തെടുക്കുന്നവരുമുണ്ട്. ഇതെല്ലാം ഒരു പാരാസൈക്കോളജിസ്റ്റിനെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ട വിഷയങ്ങളാണ്.”

“ഇപ്പറഞ്ഞ ഡോ. ഹെമംഗ ഹാജ്റ വലിയ പാരാസൈക്കോളജിസ്റ്റാണോ?”

ഞാൻ ചോദിച്ചു.

“അതേ... അദ്ദേഹം അറിയപ്പെടുന്ന പാരാസൈക്കോളജിസ്റ്റാണ്. വിദേശരാജ്യങ്ങളിലെ സർവകലാശാലകളിലൊക്കെ പോയി പ്രഭാഷണങ്ങൾ നടത്താറുണ്ട്. ഈ വിഷയങ്ങളുടെ ഗവേഷണങ്ങൾക്കുവേണ്ടി ഒരു സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്.”

“താങ്കൾക്ക് ഇതിലൊക്കെ വിശ്വാസമുണ്ടോ?”

ഞാൻ ഫെലൂദയോടു ചോദിച്ചു.

കുറച്ചുനേരം എന്തോ ആലോചിച്ച് ഫെലൂദ പറഞ്ഞു.

“തപേഷ്, തുറന്ന മനസ്സുണ്ടാവുക എന്നതാണ് പ്രധാനം. വേണ്ടത്ര തെളിവുകളില്ലാതെ എന്തെങ്കിലും സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യുന്നത് മണ്ടത്തരമാണ്. നമ്മുടെ ചരിത്രത്തിലേക്കു തിരിഞ്ഞുനോക്കിയാൽ ഇത്തരത്തിലുള്ള ഒരുപാട് മണ്ടത്തരങ്ങൾ കാണാനാവും. നിനക്കറിയാമല്ലോ, ഭൂമി പരന്നിട്ടാണെന്നു കുറേപ്പേർ വിശ്വസിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഒരു പ്രത്യേക ബിന്ദുവിൽ വച്ച് ഭൂമി അവസാനിക്കുമെന്ന് അവർ വിശ്വസിച്ചു. എന്നാൽ നാവികനായിരുന്ന മഗല്ലൻ ഒരു സ്ഥലത്തു നിന്നു യാത്ര തിരിച്ചു ലോകം മുഴുവൻ ചുറ്റിസഞ്ചരിച്ചു വന്നപ്പോൾ ഭൂമി പരന്നതാണെന്ന് കരുതിയവർ വലിയ മണ്ടന്മാരായി. അതുപോലെ ഭൂമി അനങ്ങുന്നില്ലെന്നും മറ്റു ഗ്രഹങ്ങളും സൂര്യനും ഭൂമിയെ ചുറ്റിക്കറങ്ങുകയാണെന്നും ഉറച്ചു വിശ്വസിച്ചവർ ധാരാളമുണ്ടായിരുന്നു. ആകാശം വലിയ ഒരു പാത്രം കമഴ്ത്തി വച്ചതാണെന്നും അതിൽ കൊത്തിവച്ച ആഭരണങ്ങളാണ് നക്ഷത്രങ്ങളെന്നും കരുതിയവരും ഉണ്ടായിരുന്നു. എന്നാൽ ഭൂമിയും സൗരയൂഥത്തിലെ മറ്റുഗ്രഹങ്ങളും സൂര്യനെ ഭ്രമണം ചെയ്യുന്നതാണെന്ന് കോപ്പർ നിക്കസ് കണ്ടുപിടിച്ചപ്പോൾ പിന്നെയും കുറെപ്പേർ മണ്ടന്മാരായി. ഈ ചലനം വൃത്താകൃതിയാണെന്നാണ് കോപ്പർനിക്കസ് കരുതിയിരുന്നത്. എന്നാൽ ഭ്രമണം അണ്ഡാകൃതിയിലാണെന്ന് കെപ്ളർ തെളിയിച്ചപ്പോൾ കോപ്പർനിക്കസുപോലും മണ്ടനായി. അതിനുശേഷം ഗലീലിയോ ഐൻസ്റ്റൈൻ... അങ്ങനെ എത്രയോപേർ! ഇതൊന്നും ഇപ്പോൾ പറഞ്ഞിട്ടു കാര്യമില്ല. കാര്യങ്ങൾ ഉൾക്കൊള്ളാൻ നിന്റെ മനസ്സ് വളർന്നില്ല.”

എന്നെ വെറുമൊരു

**ഭൂമിയും സൗരയൂഥത്തിലെ മറ്റുഗ്രഹങ്ങളും സൂര്യനെ ഭ്രമണം ചെയ്യുന്നതാണെന്ന് കോപ്പർനിക്കസ് കണ്ടുപിടിച്ചപ്പോൾ പിന്നെയും കുറെപ്പേർ മണ്ടന്മാരായി. ഈ ചലനം വൃത്താകൃതിയാണെന്നാണ് കോപ്പർനിക്കസ് കരുതിയിരുന്നത്. എന്നാൽ ഭ്രമണം അണ്ഡാകൃതിയിലാണെന്ന് കെപ്ളർ തെളിയിച്ചപ്പോൾ കോപ്പർനിക്കസുപോലും മണ്ടനായി. അതിനുശേഷം ഗലീലിയോ ഐൻസ്റ്റൈൻ...**

കുട്ടിയാക്കാനാണ് ഫെലൂദ ഇതു പറയുന്നതെന്നു എനിക്കറിയാം. പക്ഷേ, അദ്ദേഹത്തിന്റെ പരിഹാസവും കളിയാക്കലും എന്റെ ആത്മവിശ്വാസത്തെ തളർത്തില്ലെന്ന് പാവം അദ്ദേഹത്തിനറിയില്ല. ഈ അവധിക്കാലം ചെലവിടാൻ ഞങ്ങൾ രാജസ്ഥാനിലേക്കു പോകുമെന്ന് എന്റെ മനസ്സ് പറയുന്നുണ്ടായിരുന്നു. ഞങ്ങൾ പുതിയ ഒരു സ്ഥലം കണ്ടെത്തുകയും പുതിയ രഹസ്യം പുറത്തുകൊണ്ടുവരികയും ചെയ്യും. ഫെലൂദ പറഞ്ഞതുപോലെ ഞാൻ എന്റെ ടെലിപ്പതിയുടെ ശക്തി പരീക്ഷിക്കാൻ പോവുകയാണ്.



രാജസ്ഥാനിലേക്കുള്ള യാത്രയുടെ തീരുമാനം അറിയിക്കാൻ ഒരുദിവസം വേണമെന്ന് ഫെലൂദ മിസ്റ്റർ ധറിനോടു പറഞ്ഞിരുന്നുവെങ്കിലും ഒരു മണിക്കൂറിനകം തന്നെ പോകാനുള്ള തീരുമാനമെടുത്തു. ഇക്കാര്യം എന്നോടു പറഞ്ഞപ്പോൾ മനസ്സിലെ ആഹ്ലാദം മറച്ചുവെക്കാതെ ഞാൻ ചോദിച്ചു.

''എന്നെയും കൂട്ടുമല്ലോ?''

കുറച്ചുനേരം ആലോചിച്ച് ഫെലൂദപറഞ്ഞു.

''ചെറിയൊരു മത്സരമുണ്ട്. രാജസ്ഥാനിൽ കോട്ടകളുള്ള അഞ്ചു സ്ഥലങ്ങളുടെ പേര് ഒരു മിനിട്ടിനകം പറയണം. ഉത്തരം തെറ്റാതെ പറഞ്ഞാൽ നിന്നെ കൊണ്ടുപോകുന്ന കാര്യം ആലോചിക്കാം.''

''ജോധ്പൂർ, ജയ്പൂർ, മിറ്റോർ, ബിക്കാനർ... പിന്നെ... പിന്നെ... ബുണ്ഡി!''

''വെരിഗുഡ്!''

ഫെലൂദ വാച്ചിൽ നോക്കിയിട്ട് ചാടിയെണീറ്റു.

കുർത്തയും പൈജാമയും മാറ്റി ഷർട്ടും പാന്റ്സുമിടാൻ അദ്ദേഹം മൂന്നരമിനിറ്റു മാത്രമേ എടുത്തുള്ളൂ.

''തപേഷ്, ഞാൻ പോയി നമുക്കുള്ള റിസർവേഷൻ ചെയ്തിട്ടുവരാം. ഇന്നു ഞായറാഴ്ചയാണല്ലോ... അതുകൊണ്ട് ഫെയർ പ്ലെയിസ് 12 മണിവരെ തുറന്നിരിക്കും.'' അദ്ദേഹം പറഞ്ഞു.

ഒരു മണിയോടെ ഫെലൂദ തിരിച്ചെത്തി. വന്ന ഉടനെ അദ്ദേഹം ഡയറക്ടറി എടുത്ത് ഡോ. ഹേമംഗ ഹാജ്റയുടെ ഫോൺ നമ്പർ തേടിപ്പിടിച്ച് അദ്ദേഹത്തെ വിളിച്ചു. ഇവിടെ ഇല്ലാത്ത ഒരാളെ വിളിക്കുന്നത് എന്തിനാണെന്ന് ഞാൻ ചോദിച്ചപ്പോൾ ഫെലൂദ പറഞ്ഞു.

''മിസ്റ്റർ ധർ പറഞ്ഞത് സത്യമാണോ എന്ന് അറിയണമല്ലോ!''

എല്ലാ കാര്യങ്ങളിലും ഇങ്ങനെ വളരെ കൃത്യമായ കണക്കുകൂട്ടലിലൂടെയാണ് ഫെലൂദയുടെ നീക്കങ്ങൾ.

ഉച്ചയൂണിനുശേഷം ഫെലൂദ കട്ടിലിൽ ഒരു തലയിണയിൽ നെഞ്ചമർത്തി കിടന്ന് പാരാസൈക്കോളജിയെക്കുറിച്ച് പെലിക്കൻ പ്രസിദ്ധീകരിച്ച രണ്ടു പുസ്തകങ്ങളിലൂടെ കണ്ണോടിച്ചു. വേറെ ഒന്നുരണ്ടു പുസ്തകങ്ങൾ കൂടി അദ്ദേഹം വായിച്ചു. അതിലൊന്ന് രാജസ്ഥാനെക്കുറിച്ച് ടോഡ് എഴുതിയ ഒരു പുസ്തകമായിരുന്നു. മറ്റൊന്ന് 'എ ഗൈഡ് ടു

ഇന്ത്യ, പാകിസ്ഥാൻ, ബർമ ആൻഡ് സിലോൺ' എന്ന പുസ്തകമായിരുന്നു.

വൈകുന്നേരം ചായ കുടിച്ചതിനുശേഷം ഫെലൂദ എന്നോടു പറഞ്ഞു.

''വേഗം റെഡിയാകൂ... നമ്മൾ പുറത്തുപോകുന്നു. മിസ്റ്റർ ധറിനെ കാണണം.''

യാത്രയെക്കുറിച്ച് ഫെലൂദ ബാബയോടു പറഞ്ഞിരുന്നു. ഞങ്ങൾ രാജസ്ഥാനിലേക്കു പോകുന്നതറിഞ്ഞ് അദ്ദേഹം വളരെ സന്തോഷവാനായി. കുട്ടിക്കാലത്ത് മുത്തശ്ശനോടൊപ്പം ബാബ രണ്ടുതവണ പോയിട്ടുണ്ട്.

''നിങ്ങൾ അവിടെ ചെന്നാൽ ചിറ്റോറിൽ പോകാൻ മറക്കരുത്. അവിടത്തെ കോട്ട വളരെ മനോഹരമാണ്. രജപുത്രന്മാർ ഇത്ര വലിയ ധീരന്മാരായതിന്റെ രഹസ്യം ഊഹിക്കാവുന്നതേയുള്ളൂ.''

ആറരമണിയോടെ ഞങ്ങൾ മിസ്റ്റർ സുധീർധറിന്റെ വീട്ടിലെത്തി ഫെലൂദ രാജസ്ഥാനിലേക്കു പോകുന്നു എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ മുഖത്ത് ആശ്വാസവും നന്ദിയും തെളിഞ്ഞു.

''വലിയ സഹായമാണ് താങ്കൾ ഞങ്ങൾക്കു വേണ്ടി ചെയ്യുന്നത്. അദ്ദേഹം പറഞ്ഞു. ഒന്നും ഇപ്പോൾ പറയാറായിട്ടില്ല മിസ്റ്റർ ധർ. ഞങ്ങൾ വെറും ടൂറിസ്റ്റുകളായാണ് ഇപ്പോൾ പോകുന്നത്. രണ്ടു കാര്യങ്ങളിൽ ഞങ്ങൾക്കു നിങ്ങളുടെ സഹായം വേണം.''

''നിങ്ങളുടെ മകന്റെ ഏറ്റവും പുതിയ ഫോട്ടോയുടെ ഒരു കോപ്പി വേണം. പിന്നെ തട്ടിക്കൊണ്ടുപോകപ്പെട്ട നീലു എന്ന കുട്ടിയോട് എനിക്കു സംസാരിക്കണം.''

''ഫോട്ടോ ഇപ്പോൾ തന്നെ തരാം.''

ഈ സമയത്ത് സാധാരണ നീലു വീട്ടിൽ ഉണ്ടാകാറില്ല. പ്രത്യേകിച്ചും പൂജ അടുത്തിരിക്കുന്നതുകൊണ്ട്. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ അവനെ മുഖർജി ഒറ്റയ്ക്കു പുറത്തുവിടുമെന്ന് തോന്നുന്നില്ല.

വക്കീലായ ശിവരത്തൻ മുഖർജിയുടെ വീട് അവിടെ അടുത്തുതന്നെയായിരുന്നു. ഞങ്ങൾ ചെല്ലുമ്പോൾ അദ്ദേഹം സ്വീകരണമുറിയിൽ തന്നെയുണ്ട്. ഞങ്ങളുടെ വരവിന്റെ ഉദ്ദേശ്യം പറഞ്ഞപ്പോൾ മിസ്റ്റർ മുഖർജി മിസ്റ്റർ ധറിനോടു പറഞ്ഞു.


''ഇരിക്കൂ. നിങ്ങളുടെ മകൻ കാരണം എന്റെ കൊച്ചുമകൻ പ്രശസ്തനായിരിക്കുകയാണ്.''

അദ്ദേഹം വേലക്കാരനെ വിളിച്ച് മൂന്നു ചായ കൂടി കൊണ്ടുവരാൻ പറഞ്ഞു.

വേലക്കാരൻ അകത്തേക്കു നടന്നപ്പോൾ മുഖർജി വിളിച്ചു പറഞ്ഞു.

''മനോഹർ, നീലു അവിടെയെങ്ങാനും ഉണ്ടോ എന്നു നോക്കൂ, ഞാൻ അവനെ വിളിക്കുന്നു എന്നു പറയൂ.''

(തുടരും)



*പാരാസൈക്കോളജി ആധുനികശാസ്ത്രം അംഗീകരിക്കാത്ത ഒന്നാണ്. കപടശാസ്ത്രം എന്നതാണ് ഇത്തരം കാര്യങ്ങളെ ഇന്ന് വിളിക്കുന്നത്.

Little
STAR
Saving Deposit Scheme

SBT Introduces a Single Scheme for

# Different Dreams!



*Terms and conditions apply

Children upto 18 years in their own name or with parents

SBT
A Long Tradition of Trust

STATE BANK OF TRAVANCORE

www.statebankoftravancore.com

www.facebook.com/statebankoftravancore

www.youtube.com/user/sbtofficialchannel

# പനിമരുന്നായ പാരസിറ്റമോളിനെ അറിയാം

ഡോ. ബി പത്മകുമാർ

കുഞ്ഞുണ്ണി അപ്പൂപ്പനുമായി അമ്മൂമ്മയ്ക്കു വേണ്ടി മരുന്നു വാങ്ങാനിറങ്ങിയതാണ്. മെഡിക്കൽ ഷോപ്പിലെത്തിയപ്പോൾ നല്ല തിരക്ക്. കുറച്ചുനേരം പുറത്തിറങ്ങി നിൽക്കാമെന്നു കരുതി കടയുടെ വെളിയിലേക്കിറങ്ങിയപ്പോഴാണ് സഹദേവൻ ഓടിക്കിതച്ചെത്തിയത്. കുഞ്ഞുണ്ണിയുടെ സ്കൂളിലെ പ്യൂണാണ് സഹദേവൻ. ഭാര്യയ്ക്കു സുഖമില്ല. പനിയും തലവേദനയും മരുന്നുകടയിൽ നിന്നു പനിയുടെ മരുന്നു വാങ്ങാനിറങ്ങിയതാണെന്ന് അപ്പൂപ്പനോടു പറഞ്ഞു.

അപ്പൂപ്പൻ സഹദേവനെ കണക്കറ്റ് ശകാരിച്ചു. പനി വന്നാൽ ഡോക്ടറെ പോയി കാണണം. അല്ലാതെ മരുന്നുകടയിൽപ്പോയി സ്വയം മരുന്നു വാങ്ങിക്കഴിക്കരുത്. ഭാര്യയ്ക്കു പനി കൂടിയാൽ നീ ആയിരിക്കും ഉത്തരവാദി. മേലിൽ ഇതാവർത്തിക്കരുത്. സഹദേവൻ ഭാര്യയെയും കൂട്ടി ആശുപത്രിയിൽ പോകാമെന്നു സമ്മതിച്ചപ്പോൾ മാത്രമാണ് അപ്പൂപ്പനു സമാധാനമായത്. അപ്പൂപ്പന് ഇങ്ങനെയൊക്കെ പറയാം. കാരണം സഹദേവൻ സ്കൂളിൽ പഠിച്ചിരുന്നപ്പോൾ ഹെഡ്മാസ്റ്ററായിരുന്നു അപ്പൂപ്പൻ.

പനിയും തലവേദനയും നടുവേദനയുമൊക്കെ ഉണ്ടായാൽ മെഡിക്കൽഷോപ്പിൽ





പോയി സ്വയം മരുന്നു വാങ്ങിക്കഴിക്കുന്നവർ നിരവധിയാണ്. സ്വയംചികിത്സകർ ഏറ്റവും കൂടുതലായി വാങ്ങി ഉപയോഗിക്കുന്ന മരുന്നാണ് പാരസിറ്റമോൾ. നമുക്ക് പാരസിറ്റമോളിനെക്കുറിച്ച് ചില കാര്യങ്ങൾ മനസ്സിലാക്കാം.

വളരെ സാധാരണയായി ഉപയോഗിക്കുന്ന ഒരു വേദനസംഹാരിയാണ് പാരസിറ്റമോൾ. അസെറ്റാമിനോഫൻ എന്നാണു പാരസിറ്റമോളിന്റെ രാസനാമം. വേദന കുറയ്ക്കുന്നതോടൊപ്പം തന്നെ ശരീരത്തിന്റെ താപനില കുറയ്ക്കാനും പാരസിറ്റമോളിനു കഴിയും. അതുകൊണ്ടാണ് ഒരു പനിമരുന്നായി പാരസിറ്റമോൾ ഉപയോഗിക്കുന്നത്.


മിക്കവാറും എല്ലാത്തരം ശരീരവേദനകൾക്കും പാരസിറ്റമോൾ ഫലപ്രദമാണ്. എന്നാൽ വേദനയോടൊപ്പം ഉണ്ടാകുന്ന നീർക്കെട്ടിനെ കുറയ്ക്കാൻ പാരസിറ്റമോൾ പര്യാപ്തമല്ല. ഉദാഹരണത്തിന് കൈയോ കാലോ ഉളുക്കുമ്പോൾ വേദനയോടൊപ്പം നീരും ഉണ്ടാകുമല്ലോ. ഈ അവസരത്തിൽ പാരസിറ്റമോളിനോടൊപ്പം ശരീരത്തിന്റെ നീർക്കെട്ട് കുറയ്ക്കുന്ന മരുന്നുകൾ കൂടി നൽകേണ്ടിവരും.

പാരസിറ്റമോൾ സാധാരണ ഗുളികകളായാണ് കഴിക്കുന്നത്. എന്നാൽ കുട്ടികൾക്കു സിറപ്പുരൂപത്തിലും നൽകാറുണ്ട്. പനി പെട്ടെന്നു കുറയണമെങ്കിൽ പാരസിറ്റമോൾ ഇഞ്ചക്ഷനായും നൽകാറുള്ളത്.

പൊതുവെ പാർശ്വഫലങ്ങളില്ലാത്ത സുരക്ഷിതമായ മരുന്നാണ് പാരസിറ്റമോൾ. ആസ്പിരിൻ പോലെയുള്ള വേദനസംഹാരികൾ ഉണ്ടാക്കുന്ന വയറുവേദനപോലെയുള്ള ഉദരപ്രശ്നങ്ങളൊന്നും




Paracetamol



**പൊതുവെ പാർശ്വഫലങ്ങളില്ലാത്ത സുരക്ഷിതമായ മരുന്നാണ് പാരസിറ്റമോൾ. എന്നാൽ ദീർഘനാൾ പാരസിറ്റമോൾ പോലെയുള്ള വേദനസംഹാരികൾ ഉപയോഗിച്ചാൽ വൃക്കയുടെ പ്രവർത്തനം തകരാറിലാകാം. ഗുരുതരമായ വൃക്ക സ്തംഭനത്തിനുപോലും വേദനസംഹാരികളുടെ ദുരുപയോഗം കാരണമാകാം.**

പാരസിറ്റമോൾ ഉണ്ടാക്കാറില്ല. എന്നാൽ ദീർഘനാൾ പാരസിറ്റമോൾ പോലെയുള്ള വേദനസംഹാരികൾ ഉപയോഗിച്ചാൽ വൃക്കയുടെ പ്രവർത്തനം തകരാറിലാകാം. ഗുരുതരമായ വൃക്കസ്തംഭനത്തിനുപോലും വേദനസംഹാരികളുടെ ദുരുപയോഗം കാരണമാകാം. നമ്മുടെ നാട്ടിൽ കാണുന്ന വൃക്കരോഗങ്ങളുടെ ഒരു പ്രധാന കാരണങ്ങളിലൊന്ന് വേദനസംഹാരികളുടെ അമിതഉപയോഗവും ദുരുപയോഗവുമാണ്.

അതുപോലെതന്നെ കുട്ടികളിലും പ്രായമുള്ളവരിലും പാരസിറ്റമോൾ അമിതഅളവിൽ കഴിച്ചാൽ കരളിന്റെ പ്രവർത്തനങ്ങളും തകരാറിലാകാം. മഞ്ഞപ്പിത്തം പോലെയുള്ള രോഗലക്ഷണങ്ങളായിരിക്കും തുടർന്നുണ്ടാകുന്നത്. പ്രായമുള്ള ഒരു വ്യക്തി ഒരു ദിവസം മൂന്നു പാരസിറ്റമോൾ ഗുളികയിൽ കൂടുതൽ ഉപയോഗിക്കുന്നത് നല്ലതല്ല.

പാരസിറ്റമോൾ പോലെയുള്ള വേദനസംഹാരികൾ ഉപയോഗിച്ചു സ്വയംചികിത്സ നടത്തിയാൽ പലതാണു പ്രശ്നം. ഒന്ന് മരുന്നിന്റെ പാർശ്വഫലങ്ങൾ തന്നെ. വേദനസംഹാരികൾ സ്വയം വാങ്ങിക്കഴിച്ച് ഗുരുതരമായ രക്തസ്രാവമുണ്ടായി രക്തം ഛർദ്ദിച്ച് എത്രയോപേരാണ് ആശുപത്രികളിലെത്തുന്നത്. മറ്റൊന്ന് മരുന്നുകൾ സ്വയം വാങ്ങി ഉപയോഗിക്കുമ്പോൾ രോഗലക്ഷണങ്ങൾ അവ്യക്തമായി പോകുന്നുവെന്നതാണ്. ഇതു ഡോക്ടർക്കു രോഗനിർണയത്തിനു തടസ്സം സൃഷ്ടിക്കാം. സഹദേവന്റെ ഭാര്യയ്ക്ക് ഏതു പനിയാണെന്നു കണ്ടുപിടിക്കാതെ പനിമരുന്നുകൾ വാങ്ങി കഴിക്കുന്നതു ശരിയല്ലല്ലോ.

കൂട്ടുകാർ രോഗങ്ങൾ വന്നാൽ ഒരു കാരണവശാലും മരുന്നു സ്വയം വാങ്ങിക്കഴിച്ച് സ്വയം ചികിത്സ നടത്തരുത്. കൂടാതെ മറ്റുള്ളവരെ സ്വയംചികിത്സയ്ക്കു പ്രോത്സാഹിപ്പിക്കുകയും ചെയ്യരുത്.



# സാരമില്ല

## എം കൃഷ്ണദാസ്

ഒരു മുഷിഞ്ഞ ദിവസമാണിന്ന്. സൂര്യപ്രകാശവും മഴക്കാറും ചേർന്ന മ്ലാനമായ ഒരു ദിവസം. ഉമ്മ രാവിലെ തുണിക്കടയിലേക്ക് പോകുന്നതിനാൽ ഉണരാൻ വേണ്ടി ചീത്തവിളി പതിവില്ല. ഉമ്മയുടെ കാര്യമോർക്കുമ്പോൾ സങ്കടം വരും. ആദ്യ വണ്ടിക്ക് ടൗണിലേക്ക് പോകും, ഒടുവിലെ വണ്ടിക്ക് വന്നിറങ്ങും. ഒരു മുഴുവൻ പകലും ഇരിക്കാനൊഴിവില്ലാതെ തുണിക്കടയിൽ നിന്നാൽ കിട്ടുന്ന നക്കാപ്പിച്ച കൊണ്ട് ജീവിക്കേണ്ടി വരുന്നതിന്റെ ഗതികേടിനെക്കാൾ, ആ നിൽപ്പാണ് ഉമ്മാന്റെ പ്രയാസം. ആ സങ്കടം കേട്ടു കേട്ടാണ് ഞാൻ എന്നും ഉറങ്ങാറ്. അതുകൊണ്ടു തന്നെ ഞാനെന്റെ വിഷമങ്ങളൊന്നും ഉമ്മാനോടു പറയാറില്ല. ഉമ്മയ്ക്ക് കേക്കാൻ ഒഴിവുമില്ല.

രാത്രിയിൽ വന്ന് വെച്ചുണ്ടാക്കുന്ന കഞ്ഞിയും കൂട്ടാനും തന്നെയാണ് എന്നും രാവിലത്തെ ഭക്ഷണവും. എനിക്കുള്ളത് ഒരു കിണ്ണത്തിൽ വിളമ്പി അടച്ചുവെച്ചിട്ടുണ്ടാവും. ബാക്കിയുള്ളതെല്ലാം ഒരു പാത്രത്തിലാക്കി കലക്കിക്കുടിക്കുന്നത് കിടപ്പുമുറിയിൽനിന്ന് എനിക്ക് എന്നും കാണാനാകും. എനിക്ക് സ്കൂളിൽ നിന്ന് ഉച്ചക്കഞ്ഞി കിട്ടുന്നതു പോലെ, ഉമ്മയ്ക്ക് തുണിക്കടയിൽനിന്നും ലഭിക്കുന്ന സർവ്വാണിസദ്യ നിന്നനിൽപ്പിൽ കഴിച്ചു തീർക്കുന്നതും ഉമ്മാന്റെ പതിവാണ്. ദിവസത്തിൽ ഒരു നേരം മാത്രം അടുപ്പു പുകയുന്ന വീടാണിത്. രാവിലെ കട്ടൻകാപ്പി പോലും ശീലമില്ലാത്തതു കൊണ്ട് ഞങ്ങൾ രക്ഷപ്പെട്ടു. ഉമ്മ പോയശേഷം, പിന്നെയും ഒരു ഉറക്കത്തിനു കൂടി നേരം കിട്ടാറുണ്ട്. ഗൃഹപാഠങ്ങളെല്ലാം ഉമ്മ വൈകുന്നേരം വരുന്നതിനു മുന്നേ ചെയ്തു തീർക്കുന്നതുകൊണ്ട്, രാവിലെ നേരത്തെ എഴുന്നേറ്റ് പണിയൊന്നുമില്ല. പുറത്തു മഞ്ഞുവീഴുന്നതു കൊണ്ട് മൂടിപ്പുതച്ചു കിടക്കാൻ പ്രത്യേക സുഖമുണ്ട്. ശ്രീഹരിബസ് ഷാപ്പിൻകുന്ന് കയറുന്ന അലറിക്കരച്ചിൽ കേൾക്കുമ്പോഴാണ് പിന്നെ, ഉണർന്നു പുറപ്പാട് പതിവ്. എന്നാലും, പിന്നെയും സമയം ബാക്കിയുണ്ടാകും .

പക്ഷേ, മഞ്ഞു തുടങ്ങിയതിനു ശേഷം ഒരു ശ്വാസംമുട്ടൽ തുടങ്ങിയിരിക്കുന്നു. ഉമ്മ കുളി കഴിഞ്ഞു പോരുമ്പോൾ കിണറ്റിനരികിലെ തെങ്ങിൻപട്ടകൊണ്ടു മറച്ചുണ്ടാക്കിയ കുളിപ്പുരയിലെ മൺതൊട്ടിയിൽ എനിക്കുള്ള വെള്ളം നിറച്ചു വെച്ചിട്ടുണ്ടാകും. ഉണർന്നു ചെന്ന് തൊട്ടിയിലെ വെള്ളം തൊടുമ്പോൾ തന്നെ കൈ മരവിക്കും. അത്രയ്ക്കു തണുത്തിട്ടുണ്ടാകും. മഞ്ഞും തണുപ്പും കലർന്ന വെള്ളത്തിൽ രണ്ടുമൂന്നു ദിവസത്തെ അടുപ്പിച്ചുള്ള കുളി നിമിത്തം ശ്വാസംമുട്ടൽ കൂടി. ഉമ്മ പുറപ്പെട്ടിറങ്ങുമ്പോഴെ പറഞ്ഞിരുന്നു.

'റുഖിയാ, മോളിന്ന് തല കുളിക്കേണ്ട ട്ടോ, മേലു കഴുക്യാ മതി, രാത്രി മുഴുവൻ ജ്ജ് കൊരച്ചിണ്ണ്.'

മേലു കഴുകി ഇറങ്ങിയപ്പോൾ ഒരു ഉഷാറു തോന്നിയില്ല . ഉമ്മ കാര്യായി പറഞ്ഞതു കൊണ്ട് തല നനച്ചില്ല. അടുപ്പിനു മോളിലെ തട്ടീന്ന് വലിച്ചെടുത്ത ഉണങ്ങിത്തീരാത്ത യൂണിഫോമിട്ട്, കഞ്ഞിയും കുടിച്ച് ക്ലാസിൽ ചെന്നപ്പോൾ ഇന്നാരും, ക്ലാസ് തൂത്തു വാരിയിട്ടില്ലെന്നു, കണ്ട് മുക്കിൽ നിന്ന് ചൂലെടുത്ത് പിന്നരികിൽ നിന്ന് അടിച്ചു വാരാൻ തുടങ്ങി.

അന്നേരം വിനീതയും വിഷ്ണുവും വന്ന് ഡസ്ക്കും ബെഞ്ചും പിടിച്ചു നീക്കിത്തന്നു. അതു കാരണം, വേഗം അടിച്ചു വാരി കഴിഞ്ഞെങ്കിലും, ആകെ വിയർത്തു ക്ഷീണിച്ചിരുന്നു.

ടാപ്പിൽ പോയി കൈ കഴുകി വന്നപ്പോഴേക്കും പ്രാർത്ഥനയ്ക്കു ബെല്ലടിച്ചിരുന്നു. വേഗം സീറ്റിൽ ചെന്നു നിന്നപ്പോൾ, സരിഗ കാന്തത്തിന്റെ സജാതീയവശങ്ങളെപ്പോലെ പെട്ടെന്ന് വികർ

ഷിച്ചു മാറിനിന്നു. ആദ്യം എനിക്കതിൽ വിഷമം തോന്നിയില്ല. പക്ഷേ, പ്രാർത്ഥനയ്ക്കു ശേഷം ഇരുന്നപ്പോഴും അവൾ, അകലം പാലിച്ചപ്പോൾ ചോദിച്ചു.

'എന്തേ സരിഗേ അകന്നിരിക്ക്ണ്..?'

'അന്നെ നാറീട്ടു വയ്യ, എന്താടീ നിയ്യ് ഇന്ന് കുളിച്ചില്ലേ...'

ഞാൻ യൂണിഫോമിന്റെ ടോപ്പ് മണത്തു നോക്കി. പ്രത്യേകിച്ചൊന്നും തോന്നിയില്ല. എന്റെ മണത്തുനോട്ടം കണ്ടിട്ടാവണം സരിഗ സംഗീതയോടും അവിടുന്ന് വിനോദിനോടും ജൂലിയോടും റഫീക്കിനോടും എന്തെല്ലാമോ, പറഞ്ഞുപകർന്ന്, ഒരു ചാണകപ്പുഴുവിനെ എന്നപോലെ അവരെന്നെ നോക്കി, തല തിരിച്ചു.

തല നനയ്ക്കാത്തതു നിമിത്തമോ, രാവിലെ ഒറ്റയ്ക്ക് ക്ലാസ് തൂത്തുവാരി വിയർത്തതു കൊണ്ടോ, ചിലപ്പോൾ എന്നെ മണത്തുതുടങ്ങിയിട്ടുണ്ടാവുമെന്ന് സമാധാനിച്ചിരുന്നു.

പക്ഷേ, മോഹനൻ മാഷ് ക്ലാസിൽ കേറിവന്ന ഉടൻ ജൂലി എഴുന്നേറ്റുനിന്ന് ഒറ്റ പറച്ചിലായിരുന്നു.

'റുഖിയയേ സ്ഥലം മാറ്റിയിരുത്തണം സാർ...'

'അതെന്തിനാണാവോ...?'

മാഷ് പതിവുള്ള തമാശ കലർത്തി ചോദിച്ചു.

'ഓളെ നാറീട്ടു വയ്യ...'

നഫീസ പരാതി പറഞ്ഞു. ബെഞ്ചിൽ മാത്രം ഒതുങ്ങി നിന്ന നാറ്റം ക്ലാസു മുഴുവൻ നിറഞ്ഞു. എല്ലാരും റുഖിയയെ ഒരശ്ലീലത്തിലേക്കെന്നപോലെ തുറിച്ചുനോക്കി.

മാഷ്ടെ തമാശമുഖം വിവർണ്ണമായി. ഒരു നിമിഷം പകച്ചുനിന്ന മാഷ് ഞാനിരുന്ന ഭാഗത്തേക്കു വന്ന് നിറഞ്ഞൊഴുകുന്ന എന്റെ മുഖത്തെ പിടിച്ചുയർത്തി, സ്വന്തം ശരീരത്തോടു ചേർത്തുനിർത്തി എന്റെ തട്ടത്തിനു മുകളിലൂടെ തലോടിക്കോണ്ടു പറഞ്ഞു.

'വിഷമിക്കല്ലേ റുഖിയാ, അവര് വെറുതെ പറഞ്ഞതാവും... ഞാൻ അവരെ ചീത്ത പറയാട്ടോ...'

'സാരമില്ല സാറേ, ഞാൻ രാവിലെ കുളിച്ചില്ല. യൂണിഫോമ് ഉണങ്ങീട്ടുമില്ല. രാത്രി ഭയങ്കര ശ്വാസംമുട്ടലായിരുന്നു... തണുപ്പ് തുടങ്ങീലേ സാറേ, അതോണ്ടാ. നാളെ മുതൽ ശ്രദ്ധിച്ചോളാം..'

റുഖിയയ്ക്കു പുതിയ രണ്ടു യൂണിഫോമോ മറ്റോ വാങ്ങിച്ചുകൊടുക്കണം എന്നു മോഹനൻമാഷ് മനസ്സിൽ കരുതിയപ്പോഴേക്കും മൂന്നാംബെഞ്ചിലിരുന്ന വിഷ്ണു വേഗം എഴുന്നേറ്റ് ക്ലാസ്റൂം മുഴുവൻ കേൾക്കാൻ തരത്തിൽ പറഞ്ഞു.

'അതൊന്നുമല്ല സാറേ കാര്യം. രാവിലെ റുഖിയ വന്നാണ് ക്ലാസ് മുഴുവൻ അടിച്ചുവാരിയത്. അപ്പൊ വിയർത്തിട്ടുണ്ടാവും. അതാ മണത്തിട്ടുണ്ടാവാ. ഞങ്ങളിരുന്നോളാം സാറേ റുഖിയേടെ കൂടെ..'

അതോടെ കലുഷിതമായ ക്ലാസ് മുറി എന്തോ, പെട്ടെന്ന് ഒരു അലിവിലേക്ക് വിവർത്തനം ചെയ്യപ്പെട്ടു.



വര: രതീഷ് വിൻസെന്റ്

# അരിസ്റ്റോട്ടിൽ പറഞ്ഞ കഥ-തേൽസിനെക്കുറിച്ച്

**ഡോ. ഡി രാജേന്ദ്രൻ**

ഈ കഥ കേട്ടിട്ടുണ്ടോ, കഴുത ഉപ്പു ചുമന്ന കഥ. ഇല്ല എന്നാണോ? എങ്കിൽ ഞാൻ പറയാം. കേട്ടുകൊള്ളൂ.

വളരെ പഴയ കഥയാണിത്. ക്രിസ്തുദേവൻ ജനിക്കുന്നതിന് അറുനൂറ്റി ചില്വാനം വർഷങ്ങൾക്കു മുമ്പു നടന്ന കഥ. പുരാതന ഗ്രീസിലാണ് ഇതു നടന്നത്. പുതുതായി പറഞ്ഞാൽ ഗ്രീസിൽ അയോണിയ പ്രദേശത്ത് മിലിറ്റസ് എന്ന നഗരത്തിൽ. ഇന്നത്തെ തുർക്കിയുടെ പടിഞ്ഞാറൻ തീരത്തു മക്കാന്റർ നദിയുടെ കരയിൽ സ്ഥിതിചെയ്ത അതിമനോഹരമായ ഒരു ഭൂപ്രദേശമായിരുന്നു മിലിറ്റസ്.

അന്ന് ഇന്നത്തെപ്പോലെ ഭാരം വഹിക്കാൻ വാഹനങ്ങളുണ്ടായിരുന്നില്ല. മൃഗങ്ങളുടെ പുറത്തുകയറ്റിയായിരുന്നു ഒരിടത്തുനിന്നും മറ്റൊരിടത്തേക്കു ചരക്കു കൊണ്ടുപോയിരുന്നത്. ഒരുദിവസം കടൽത്തീരത്തുനിന്നും ഉപ്പു ചാക്കുകൾ ചുമലിലേറ്റിയ കഴുതകളുമായി വ്യാപാരി പട്ടണത്തിലേക്കു യാത്ര തിരിച്ചു. വ്യാപാരാവശ്യങ്ങൾക്കായി സഞ്ചരിക്കുമ്പോൾ തന്റെ മകനെയും കൂടെക്കൊണ്ടുപോകുന്നത് ഈ വ്യാപാരിയുടെ പതിവായിരുന്നു. അതൊരു വേനൽക്കാലമായിരുന്നു.




അരിസ്റ്റോട്ടിൽ

അത്തവണ വേനലിനു ചൂടു വളരെ കൂടുതലായിരുന്നു. നട്ടുച്ചസമയം. ദാഹിച്ചു വലഞ്ഞ കഴുതകളെ വെള്ളം കുടിക്കാനായി വഴിയരികിലുള്ള ഒരു പുഴക്കടവിലേക്കു നയിച്ചു. വെള്ളം കുടിക്കുന്നതിനിടയിൽ കഴുതകളിൽ ഒരെണ്ണം പുഴയിൽ ഒന്നു മുങ്ങിക്കയറി. സംഘം യാത്ര തുടർന്നു. ഉപ്പ് നനഞ്ഞാലുള്ള അവസ്ഥ അറിയാമല്ലോ. ഉപ്പ് അലിഞ്ഞില്ലാതാകാൻ അധികസമയം വേണ്ടിവന്നില്ല. അങ്ങനെ ക്രമേണ ഈ കഴുതയുടെ ചുമലിലെ ഭാരം കുറഞ്ഞുവന്നു. കഴുതയ്ക്ക് ഇതിന്റെ കാരണം പിടികിട്ടിയിട്ടുണ്ടാകണം. എന്തായാലും ഈ കഴുത ഇതൊരുശീലമാക്കി.

ബുദ്ധിമാനായിരുന്നു വ്യാപാരിയുടെ മകൻ. കഴുതയുടെ പെരുമാറ്റത്തിൽ ആദ്യമൊന്നും അയാൾക്കു സംശയം തോന്നിയില്ല. എന്നാൽ ഇതൊരു പതിവായപ്പോൾ അയാൾക്കു സംശയം തോന്നിത്തുടങ്ങി. കാര്യങ്ങൾ കുറേശ്ശെ ബോധ്യ

മായി. 'കഴുതയ്ക്കു ഇത്ര ബുദ്ധിയോ?' അയാൾ അതിശയിച്ചുപോയി.കഴുതയെ ഒന്നു പരീക്ഷിക്കാൻ അയാൾ തീരുമാനിച്ചു. അടുത്തതവണ കഴുതയുടെ ചുമലിൽ ജോലിക്കാർ ഉപ്പുചാക്കുകൾ കയറ്റിത്തുടങ്ങി. കഥാനായകനായ കഴുതയുടെ ഊഴം വന്നപ്പോൾ ഉപ്പിനുപകരം പഞ്ഞി നിറച്ച ചാക്ക് കഴുതപ്പുറത്തു കയറ്റാൻ അവരോട് ആവശ്യപ്പെട്ടു. അയാളുടെ ഉദ്ദേശം ജോലിക്കാർക്കു പിടികിട്ടിയില്ല എന്നു പറയേണ്ടതില്ലല്ലോ. എങ്കിലും അവർ കൊച്ചുമുതലാളി പറഞ്ഞത് അനുസരിക്കാതിരുന്നില്ല. സാധാരണപോലെ കച്ചവട സംഘം യാത്രതിരിച്ചു. പുഴക്കടവിലെത്തി വെള്ളംകുടിച്ച ശേഷം കഴുത പുഴയിൽ മുങ്ങിക്കയറി. പതിവുപോലെ വളരെ സന്തോഷത്തോടെ യാത്രതുടർന്നു. വെള്ളത്തിൽ കുതിർന്ന പഞ്ഞിയുടെ ഭാരം ഊഹിക്കാമല്ലോ. ചുമലിലെ ഭാരം കാരണം നടക്കാൻ വയ്യാത്ത സ്ഥിതിയായി. പിന്നീടൊരിക്കലും കഴുത ഈ മാർഗം പരീക്ഷിച്ചിട്ടില്ല.

കഴുതയുടെ ഉപായം



തേൽസ്

**ക്ഷേത്രഗണിതത്തിൽ സിദ്ധാന്തം തെളിവ് സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ് തേൽസ് ആയിരുന്നു. ത്രികോണങ്ങളെയും വൃത്തങ്ങളെയും സംബന്ധിക്കുന്ന അഞ്ചു സിദ്ധാന്തങ്ങൾ തേൽസിന്റെ വകയായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാസം വൃത്തത്തെ രണ്ടു തുല്യ ഭാഗങ്ങളായി ഭാഗിക്കുന്നു എന്ന സിദ്ധാന്തം ആവിഷ്കരിച്ചത് തേൽസ് ആയിരുന്നു.**

കണ്ടുപിടിച്ച ബാലൻ അത് മറ്റാരുമല്ല. പിൽക്കാലത്ത് 'ജ്യാമിതിയുടെ പിതാവ്' എന്നറിയപ്പെട്ട ഗ്രീക്കു തത്വചിന്തകനായ തേൽസ്. ഇനി ഈ കഥ പറഞ്ഞതാകട്ടെ, 'ജീവശാസ്ത്രത്തിന്റെ പിതാവ്'എന്നു വിശേഷിപ്പിക്കപ്പെടുന്ന പുരാതന ഗ്രീസിലെ പ്രസിദ്ധതത്വചിന്തകനായ അരിസ്റ്റോട്ടിലും.

ജ്യാമിതി ഒരു ശാസ്ത്രമായി വികസിക്കാൻ കാരണക്കാരായ ശാസ്ത്രകാരരിൽ പ്രധാനിയാണ് തേൽസ്. ബി സി ഇ 620 ലായിരുന്നു തേൽസ് ജനിച്ചതെന്നു കണക്കാക്കപ്പെടുന്നു. എക്സാമിയാസ് എന്നായിരുന്നു പിതാവിന്റെ പേര്. മാതാവിന്റെ പേര് ക്ലിയോബുലിൻ എന്നും. ഈജിപ്തിലെ സന്യാസിമാരിലൂടെയാണ് തേൽസ് തന്റെ വിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത്. ജ്യാമിതിയുടെ പ്രാകൃതങ്ങളായ മാർഗങ്ങൾ ഈ സന്യാസിമാരിൽനിന്നും തേൽസ് മനസ്സിലാക്കി. ഗണിതം മാത്രമല്ല ചരിത്രം, ഭൂമിശാസ്ത്രം, തത്വചിന്ത, ശാസ്ത്രം, എഞ്ചിനീയറിങ് എന്തിനേറെ രാഷ്ട്രീയംപോലും തേൽസിന്റെ ചിന്തയ്ക്കു വിഷയീഭവിച്ചു.

ക്ഷേത്രഗണിതത്തിൽ സിദ്ധാന്തം തെളിവ് (Theorem - Proof) സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ് തേൽസ് ആയിരുന്നു. ത്രികോണങ്ങളെയും വൃത്തങ്ങളെയും സംബന്ധിക്കുന്ന അഞ്ചു സിദ്ധാന്തങ്ങൾ തേൽസിന്റെ വകയായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യാസം വൃത്തത്തെ രണ്ടു തുല്യഭാഗങ്ങളായി ഭാഗിക്കുന്നു എന്ന സിദ്ധാന്തം ആവിഷ്കരിച്ചത് തേൽസ് ആയിരുന്നു. സമപാർശ്വ ത്രികോണത്തിന്റെ പാദകോണുകൾ തുല്യമായിരിക്കും എന്ന അറിവും തേൽസ് കണ്ടെത്തിയതാണ്. രണ്ടു നേർരേഖകൾ ഖണ്ഡിച്ചാലുണ്ടാകുന്ന എതിർ കോണുകൾ തുല്യമായിരിക്കും. ത്രികോണത്തിന്റെ രണ്ടുകോണുകളും ഒരു ഭുജവും മറ്റൊരു ത്രികോണത്തിന്റെ രണ്ടുകോണുകളോടും ഭുജത്തോടും യഥാക്രമം തുല്യമായാൽ ത്രികോണങ്ങൾ സർവസമമായിരിക്കും. അർദ്ധവൃത്തത്തിലെ കോൺ മട്ടകോൺ ആയിരിക്കും എന്നീ ഗണിത സിദ്ധാന്തങ്ങളും തേൽസിന് അവകാശപ്പെട്ടിരിക്കുന്നു.

അയോണിയ എന്ന പേരിൽ ഒരു വിദ്യാപീഠം തേൽസ് സ്ഥാപിക്കുകയുണ്ടായി. പൈതഗോറസ് തുടങ്ങി നിരവധി പ്രഗത്ഭർ തേൽസിന്റെ ശിഷ്യഗണത്തിൽപ്പെടുന്നു. ബി സി ഇ 548 നും 545 നും ഇടയ്ക്കായിരുന്നു തേൽസിന്റെ അന്ത്യം. 58-ാം ഒളിമ്പിക്സ് മത്സരങ്ങൾ കാണാൻ യാത്രയായി, പിന്നീട് അദ്ദേഹം മടങ്ങിവന്നില്ല എന്നും പറയപ്പെടുന്നു. 'ഈ ശവകുടീരം ചെറുതാണ്. പക്ഷേ ഓർക്കുക,

തേൽസിന്റെ പ്രശസ്തി വാനോളം വലുതാണ്.' തേൽസിന്റെ ശവകുടീരത്തിൽ ആലേഖനം ചെയ്തിരുന്ന വാക്കുകളാണിവ.

ഇനി, അരിസ്റ്റോട്ടിലിനെക്കുറിച്ചു ചുരുക്കിപ്പറയാം. ബി സി ഇ 384 ലായിരുന്നു അരിസ്റ്റോട്ടിൽ ജനിച്ചത്. ഗ്രീസിന്റെ വടക്കേത്തീരത്ത് സ്റ്റാഗിറ എന്ന നഗരത്തിൽ. അവിടത്തെ കൊട്ടാരംവൈദ്യനായിരുന്നു പിതാവ് നിക്കോമാക്കസ്. മാതാവ് ഫേസ്റ്റിസ്. ദൗർഭാഗ്യമെന്നു പറയട്ടെ, അരിസ്റ്റോട്ടിലിന്റെ ചെറുപ്പത്തിൽത്തന്നെ മാതാപിതാക്കൾ മരിച്ചു. എങ്കിലും രാജകൊട്ടാരത്തിൽത്തന്നെ അരിസ്റ്റോട്ടിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി. തുടർന്നു പതിനേഴാം വയസ്സിൽ ഉപരിപഠനത്തിനായി അദ്ദേഹം ഏഥൻസിൽ പ്ലേറ്റോയുടെ അക്കാദമിയിൽ ചേർന്നു. രണ്ടു ദശാബ്ദത്തോളം പ്ലേറ്റോയുടെ ശിഷ്യനായി അവിടെ പഠിച്ചു. പ്ലേറ്റോയുടെ പല ആശയങ്ങളോടും അരിസ്റ്റോട്ടിലിനു വിയോജിപ്പായിരുന്നു. അങ്ങനെ ബി സി ഇ 347ൽ പ്ലേറ്റോയുടെ മരണശേഷം അക്കാദമിയുടെ ചുമതല ഏറ്റെടുക്കാൻ വിസമ്മതിക്കുകയും മാസിഡോണിയയിലേക്കു കുടിയേറുകയും ചെയ്തു. അവിടെ അലക്സാണ്ടർ ചക്രവർത്തിയുടെ ഗുരുനാഥനായി അരിസ്റ്റോട്ടിൽ ചുമതലയേറ്റു. ബി സി ഇ 335ൽ അദ്ദേഹം ഏഥൻസിലേക്കു മടങ്ങുകയും അവിടെ ലൈസിയം എന്ന കലാലയം സ്ഥാപിക്കുകയും ചെയ്തു. പന്ത്രണ്ടുവർഷം ഈ കലാലയത്തിന്റെ തലവനായി പ്രവർത്തിച്ചു.

ബി സി ഇ 323 ൽ അലക്സാണ്ടർ ചക്രവർത്തിയുടെ ഗുരുവെന്ന നിലയിൽ അരിസ്റ്റോട്ടിലിനും എതിർപ്പു നേരിടേണ്ടിവന്നു. അദ്ദേഹം യൂബ്രിയയിലെ ചാൽസിസ് എന്ന പ്രദേശത്തു താമസമാക്കി. ഒരുവർഷം തികയുന്നതിനു മുമ്പുതന്നെ അറുപത്തിരണ്ടാംവയസ്സിൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

**വിവിധ അറിവുകളെ തുടക്കത്തിൽ വ്യത്യസ്ത വിഷയങ്ങളിലായി വേർതിരിച്ചത് അരിസ്റ്റോട്ടിൽ ആയിരുന്നു. ഭൗതികശാസ്ത്രം, ജീവശാസ്ത്രം, നീതിശാസ്ത്രം തുടങ്ങി ഒട്ടുമിക്ക ശാസ്ത്രങ്ങളിലും ഈടുറ്റ സംഭാവനകൾ അരിസ്റ്റോട്ടിൽ നൽകിയിട്ടുണ്ട്. പുസ്തകങ്ങളും പ്രബന്ധങ്ങളുംകൂടി നൂറ്റമ്പതോളം രചനകൾ അദ്ദേഹം നിർവഹിക്കുകയുണ്ടായി.**

വിവിധ അറിവുകളെ തുടക്കത്തിൽ വ്യത്യസ്ത വിഷയങ്ങളിലായി വേർതിരിച്ചത് അരിസ്റ്റോട്ടിൽ ആയിരുന്നു. ഭൗതികശാസ്ത്രം, ജീവശാസ്ത്രം, നീതിശാസ്ത്രം തുടങ്ങി ഒട്ടുമിക്ക ശാസ്ത്രങ്ങളിലും ഈടുറ്റ സംഭാവനകൾ അരിസ്റ്റോട്ടിൽ നൽകിയിട്ടുണ്ട്. പുസ്തകങ്ങളും പ്രബന്ധങ്ങളുംകൂടി നൂറ്റമ്പതോളം രചനകൾ അദ്ദേഹം നിർവഹിക്കുകയുണ്ടായി. ഇവയിൽ മുപ്പതെണ്ണം കണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 'വിദ്യാഭ്യാസമാകുന്ന വൃക്ഷത്തിന്റെ വേരുകൾക്കു കയ്പാണ്. പക്ഷേ അതിന്റെ ഫലമാകട്ടെ, മാധുര്യമേറിയതും.'

ഇതുപോലെ എക്കാലത്തും പ്രസക്തമായ നിരവധി അരിസ്റ്റോട്ടിൽ സൂക്തങ്ങളുണ്ട്. നിലവിലുള്ള അറിവുകൾ ഹൃദിസ്ഥമാക്കുന്ന പോലെതന്നെ പ്രാധാന്യമുള്ളവയാണ് അറിവിന്റെ ചരിത്രം അറിയുന്നതും. പുതിയ തലമുറയിലും തേൽസും അരിസ്റ്റോട്ടിലും മറ്റും വളർന്നുവരാൻ ഇതു വഴിതെളിക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

## കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു

തളിരിലേക്ക് കുട്ടികളുടെ സൃഷ്ടികൾ ക്ഷണിക്കുന്നു. സ്കൂളിലും നാട്ടിലും വീട്ടിലും നിങ്ങൾക്കുണ്ടായ രസകരങ്ങളായ അനുഭവങ്ങൾ, നിങ്ങളുടെ സ്കൂളിൽ നടന്ന വളരെ ശ്രദ്ധിക്കപ്പെടേണ്ട പ്രവർത്തനങ്ങൾ, കഥ, കവിത, ചെറുലേഖനങ്ങൾ, നിങ്ങൾ നടത്തിയ പരീക്ഷണങ്ങൾ എന്നിവയെല്ലാം തളിരിനയയ്ക്കാം. പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് ഉചിതമായ പ്രതിഫലമോ സമ്മാനങ്ങളോ നൽകുന്നതാണ്.

എഡിറ്റർ

# പ്രാർത്ഥന

പ്രൊഫ. കെ ചന്ദ്രശേഖരൻ

വിണ്ണിൽ വെളിച്ചം വിതയ്ക്കുവോനേ,
മണ്ണിൽ ഹരിതാഭ തൂകുവോനേ,
ഉള്ളിൽ വിളക്കായ് ജ്വലിക്കുവോനേ,
ഉണ്മയായെങ്ങും വിളങ്ങുവോനേ,


ഏഴകൾക്കാലംബമായവനേ,
ഏക സത്യപ്പൊരുളായവനേ,
കാണുന്നു ഞങ്ങൾ നിന്നത്ഭുതങ്ങൾ!
വാഴ്ത്തുന്നു ഞങ്ങൾ നിൻ വൈഭവങ്ങൾ!

ആഴിപോലത്രയ്ക്കഗാധമായി
അദ്രിപോലത്രമേലുന്നതമായ്
നിൽക്കുന്ന നിന്റെ ചൈതന്യമത്രേ
പുൽക്കൊടിത്തുമ്പിലും കാൺമു ഞങ്ങൾ!

നിന്നെ സ്തുതിക്കുന്നു ഞങ്ങളെന്നും
നിന്നെ നമിക്കുന്നു ഞങ്ങളെന്നും!



വര: സുരേഷ് പരിയാരത്ത്




# ഭാരതപര്യടനം

**ഡോ. പി കെ രാജശേഖരൻ**

ഭാരതപര്യടനം- ആ വാക്ക് യാത്രയെ ഓർമിപ്പിക്കും. കുട്ടികൃഷ്ണമാരാരുടെ 'ഭാരതപര്യടനം' (1950) എന്ന പുസ്തകവും ഒരു യാത്രയാണ്. വായനക്കാരെ ഇതിഹാസകാവ്യമായ 'മഹാഭാരത'ത്തിലെ കഥാസന്ദർഭങ്ങളിലേക്കു നയിച്ച് അർത്ഥത്തിന്റെ കാണാക്കരകൾ കാണിച്ചുതരുന്ന അപൂർവയാത്ര. സാഹിത്യനിരൂപകനും പണ്ഡിതനുമായ കുട്ടികൃഷ്ണമാരാരുടെ (1900-1973) ഏറ്റവും പ്രശസ്തമായ കൃതിയാണ് 'ഭാരതപര്യടനം'. അതു വായിക്കാതിരുന്നാൽ നഷ്ടപ്പെടുന്നത് ഇന്ത്യയുടെ പാരമ്പര്യത്തെ അറിയാനുള്ള അവസരമാണ്. 'ഭാരതപര്യടനം' വായിച്ചില്ലെങ്കിൽ എത്ര പുസ്തകം വായിച്ചാലും ഒരാളുടെ മലയാളസാഹിത്യ വായന അപൂർണമായിരിക്കും.


സാധാരണവായനക്കാരനും സാഹിത്യനിരൂപകനും തമ്മിലുള്ള വ്യത്യാസമെന്താണെന്നറിയാൻ 'ഭാരതപര്യടനം' ഒരാവർത്തി വായിച്ചാൽ മതി. സാഹിത്യനിരൂപണത്തിന്റെ ജോലിയെന്തെന്നു ബോധ്യപ്പെടുത്താനും അതു സഹായിക്കും. സാഹിത്യകൃതിയുടെ വ്യാഖ്യാനത്തിലൂടെ നിരൂപണം അഥവാ വിമർശനം നിർവഹിക്കുന്ന ദൗത്യം വിശദീകരിക്കുന്ന പാഠപുസ്തകമായും മാരാരുടെ 'ഭാരതപര്യടന'ത്തെ കണക്കാക്കാം.

വ്യാസൻ എഴുതിയതെന്നു വിശ്വസിക്കപ്പെടുന്ന സംസ്കൃതകാവ്യമാണ് മഹാഭാരതം. ഇന്ത്യക്കാർ അതിനെ മറ്റൊരു ഇതിഹാസകാവ്യമായ 'രാമായണ'ത്തിനൊപ്പം അതിവിശിഷ്ട ഗ്രന്ഥമായി കണക്കാക്കുന്നു. ഹിന്ദുക്കൾ അവ രണ്ടും പുണ്യഗ്രന്ഥങ്ങളായാണു പരിഗണിച്ചിട്ടുള്ളത്. വ്യാസൻ എന്ന ഒരാളില്ലെന്നും പല കാലങ്ങളിലായി കൂട്ടിച്ചേർക്കപ്പെട്ട ഒരുപാടു ഭാഗങ്ങൾ ചേർന്നുണ്ടായ കൃതിയാണു 'മഹാഭാരത'മെന്നുമാണ് ആധുനികചരിത്രപണ്ഡിതരുടെ അഭിപ്രായം. അതിലെ ശരിതെറ്റുകൾ എന്തായാലും മഹാഭാരതം ലോകസാഹിത്യത്തിലെതന്നെ ഏറ്റവും മഹത്തായ കൃതികളിലൊന്നാണെന്ന് എല്ലാവരും സമ്മതിക്കുന്നു.

ഇന്ത്യയിലെ ഭാഷകളിൽ മാത്രമല്ല ലോകത്തെ മറ്റു പല ഭാഷകളിലും 'മഹാഭാരത'ത്തിനു പരിഭാഷകളുണ്ട്. 'മഹാഭാരത'ത്തിന് ഇന്ത്യയിലെ മിക്കഭാഷകളിലും ഒട്ടേറെ വിവർത്തനങ്ങളുണ്ട്. അതിനെ ആധാരമാക്കിയുണ്ടായ സാഹിത്യകൃതികൾക്കു കണക്കില്ല. അത്രമേലുണ്ട് 'മഹാഭാരത'ത്തിന്

നൂറ്റാണ്ടുകളായി ഭാരതീയ ജീവിതത്തിലുള്ള സ്വാധീനത.

മഹാഭാരതത്തിലെ ചില കഥാസന്ദർഭങ്ങളിൽ പ്രത്യക്ഷത്തിൽ കാണാത്ത ചില അർത്ഥങ്ങൾ കൂടി വ്യാസൻ നിക്ഷേപിച്ചിരിക്കുന്നുവെന്ന് തന്റെ വ്യാഖ്യാനത്തിലൂടെ കുട്ടികൃഷ്ണമാരാര് തെളിയിക്കുന്നു. വായനക്കാരെ അത്ഭുതപ്പെടുത്തുകയും വ്യാസന്റെ മഹത്ത്വത്തെപ്പറ്റി വിനീതരാക്കുകയും ചെയ്യുന്നു 'ഭാരതപര്യടന'ത്തിലെ ഓരോ ലേഖനവും. കഥാസന്ദർഭം വിശദമായി വിവരിച്ച് കവിവാക്യങ്ങൾ വ്യാഖ്യാനിച്ച് ആ സന്ദർഭത്തിന് പുതിയൊരു അർത്ഥം ചൂണ്ടിക്കാണിക്കുന്നതാണു മാരാര് സ്വീകരിച്ചിട്ടുള്ള രചനാരീതി. 'അംബ' എന്ന ഉപന്യാസത്തിൽ അംബയുടെ അപേക്ഷ കേട്ട് ഭീഷ്മരുമായി യുദ്ധം ചെയ്യാൻ ചെന്ന പരശുരാമനെപ്പറ്റി മാരാര് വിശദീകരിക്കുന്നു. ഭീഷ്മരുടെ ആയുധവിദ്യാഗുരുവായിരുന്നെങ്കിലും യുദ്ധത്തിൽ പരശുരാമൻ തോറ്റു. ആയുധമെടുക്കില്ലെന്നു സത്യപ്രതിജ്ഞ ചെയ്തു മുഴുവൻ സമയവും തപസ്സിൽ മുഴുകിക്കഴിയുകയായിരുന്ന പരശുരാമൻ ഈ അപമാനത്തിൽ ചെന്നുവീണതിനു കാരണമെന്താവാം? ഭീഷ്മരെ കൊല്ലാൻ മോഹിച്ചുനടന്ന അംബയെ സമാധാനിപ്പിച്ചു നേർവഴിക്കു കൊണ്ടുവരുന്നതിനു പകരം വല്ലവരുടെയും വാക്കുകേട്ട് സ്വന്തം പ്രതിജ്ഞ ലംഘിച്ച് വിവേകശൂന്യമായി പെരുമാറിയതാണു മഹാതപസ്വിയും മഹാവീരനുമായ പരശുരാമന്റെ തോൽവിക്കു കാരണം. മനസ്സിലെ വികാരങ്ങളെല്ലാം അടക്കി നിർത്തിയിട്ടുള്ള സന്യാസിമാരെപ്പോലും ചില മാനസിക വികാരങ്ങൾ മറ്റു രൂപങ്ങളിൽ വഴിതെറ്റിക്കുമെന്നതിന്റെ ഉദാഹരണമാണു പരശുരാമന്റെ പരാജയം. മാനസികവികാരങ്ങൾക്കു മരണമില്ല. എത്ര നിയന്ത്രിച്ചാലും അവ കെട്ടുപൊട്ടിച്ചു പുറത്തുചാടി മനുഷ്യനെ കുഴിയിൽ ചാടിക്കും എന്ന സന്ദേശമാണ് ഈ കഥയിലൂടെ വ്യാസൻ വ്യക്തമാക്കിയതെന്നു മാരാര് അഭിപ്രായപ്പെടുന്നു. മനുഷ്യന്റെ മാനസികവ്യാപാരങ്ങളുടെ നിഗൂഢസ്വഭാവവും അപ്രവചനീയത്വവും അനിയന്ത്രിതത്വവും വെളിപ്പെടുത്താനാണ് പരശുരാമനെ ചിരഞ്ജീവികളിലൊരാളായി സങ്കൽപ്പിച്ചിരിക്കുന്നതെന്നും മാരാര് വാദിച്ചു. സമ്മതിക്കാതെ തരമില്ല.



മഹാഭാരതകഥയിലെ വില്ലനായ ദുര്യോധനനോടു അനുഭാവപൂർവമായ സമീപനമാണു മാരാർക്കുള്ളത്. സുഹൃത്ത് എന്ന നിലയിൽ ശ്രേഷ്ഠനാണയാൾ. ദുര്യോധനൻ, സുയോധനൻ എന്നീ രണ്ടുപേരുകളുണ്ടയാൾക്ക്. തെറ്റായ യുദ്ധം ചെയ്യുന്നവൻ എന്നും ശരിയായ യുദ്ധം ചെയ്യുന്നവൻ എന്നുമാണ് ആ പേരുകൾക്കർത്ഥം. ദുര്യോധനന്റെ അധികാരദുർമോഹവും യുദ്ധഭ്രമവുമാണ് കുരുപാണ്ഡവരുടെ വംശം മുടിച്ചത്. മനുഷ്യനിലുള്ള അധികാരവാഞ്ഛയുടെ മൂർത്തീഭാവമായ ദുര്യോധനനെ മനുഷ്യസമുദായത്തിൽ എന്നും ജീവിക്കുന്ന ശാശ്വതാത്മാവെന്ന് മാരാര് വിശേഷിപ്പിക്കുന്നു. അങ്ങനെയുള്ളവരാണു സർവനാശം വിതച്ച യുദ്ധങ്ങൾ ഉണ്ടാക്കിയത്. ദുര്യോധനൻ എന്ന വ്യക്തിയുടെ കുറ്റമല്ല അതെന്നാണ് മാരാരുടെ അഭിപ്രായം. അധികാരവുമായും ഭരണവുമായും ബന്ധപ്പെട്ടു പണ്ടേ രൂപപ്പെടുത്തിയിട്ടുള്ള 'ദണ്ഡനീതി' സങ്കൽപ്പമാണ് അതിനു കാരണമെന്ന് അദ്ദേഹം വാദിച്ചു. എതിരാളിയെ എന്തു ചെയ്തും നശിപ്പിക്കുക എന്ന കണ്ണിൽച്ചോരയില്ലാത്ത ആ രാഷ്ട്രീയനയമാണ് സുയോധനനെ ദുര്യോധനനാക്കി മാറ്റിയത്. ലോകത്തിൽ നല്ലയുദ്ധം, ധർമയുദ്ധം എന്നൊരു വിഭാഗമില്ല എന്നു വാദിച്ചുകൊണ്ടാണ് 'യുദ്ധത്തിന്റെ ആയുധശാല' എന്ന ലേഖനം മാരാര് അവസാനിപ്പിക്കുന്നത്.


അസാധാരണങ്ങളായ നിരീക്ഷണങ്ങളും സമകാലിക ലോകത്തിൽ പ്രസക്തമായ വ്യാഖ്യാനങ്ങളുമാണ് 'ഭാരതപര്യടന'ത്തെ ഉയർത്തി നിർത്തുന്നത്. പാണ്ഡവരെ മഹത്ത്വീകരിക്കാൻ മാരാര് ശ്രമിക്കുന്നില്ല. കൗരവരുടെ അതിമോഹം മാത്രമല്ല പാണ്ഡവരുടെ നിഷ്ക്രിയതയുമാണ് കുരുക്ഷേത്രയുദ്ധത്തിനും വംശനാശത്തിനും കാരണമെന്ന് അദ്ദേഹം

സൂചിപ്പിക്കുന്നു. പാഞ്ചാലിയെ പൊതുസഭയിൽ വച്ചു വസ്ത്രമുരിഞ്ഞ് അവഹേളിച്ചപ്പോൾ ധർമത്തിന്റെ പേരിൽ മിണ്ടാതിരുന്ന പാണ്ഡവരുടെ ധർമനിഷ്ഠ വ്യാജമാണെന്നാണ് അദ്ദേഹത്തിന്റെ വാദം.

ഏതു കാര്യത്തിലും കാലത്തിനും ദേശത്തിനും ചേർന്ന യാഥാർത്ഥ്യം മനസ്സിലാക്കി പെരുമാറുകയാണു യഥാർത്ഥധർമം. പണ്ടങ്ങനെ പറഞ്ഞുപോയി എന്നു കരുതി അധർമം കാണുമ്പോൾ മിണ്ടാതിരിക്കലാണ് യഥാർത്ഥത്തിൽ അധർമം. ധർമം, സത്യം, നീതി എന്നിവ പുസ്തകത്തിലെഴുതി വച്ച പാഠമല്ല. സാന്ദർഭികമായ പ്രയോഗമാണ് എന്നർത്ഥം. കുരുക്ഷേത്രയുദ്ധത്തിന്റെയും കൗരവ-പാണ്ഡവ മത്സരത്തിന്റെയും സൂത്രധാരനായി നിന്ന കൃഷ്ണൻ പാണ്ഡവപക്ഷപാതിയും എല്ലാവരെയും കൊല്ലിച്ചവനുമാണെന്ന പൊതുവിശ്വാസത്തെ എതിർത്തുകൊണ്ട് മാരാര് ഉദാഹരണങ്ങൾ നിരത്തി മറ്റൊരു വാദം അവതരിപ്പിക്കുന്നു. ഇരുപക്ഷങ്ങൾക്കുമിടയിൽ സമാധാനമുണ്ടാക്കാൻ ശ്രമിച്ച കൃഷ്ണന്റെ ചിത്രമാണത്. മഹാത്മാഗാന്ധിയെയും കൃഷ്ണനെയും അദ്ദേഹം താരതമ്യം ചെയ്യുന്നുണ്ട്. കാലവ്യത്യാസം കൊണ്ടു ഹിംസയെ സമാധാനമാർഗമായി സ്വീകരിച്ച ആളാണ് ദ്വാപരയുഗത്തിലെ കൃഷ്ണൻ. കലിയുഗത്തിലെ മഹാത്മാവായ ഗാന്ധിജി അഹിംസയെ ശാന്തിമാർഗമാക്കിയെന്നു മാത്രം.

മാതൃഭൂമിയിൽ പ്രൂഫ് വായനക്കാരനായിരുന്നു മഹാപണ്ഡിതനും തീക്ഷ്ണചിന്തകനുമായിരുന്ന കുട്ടികൃഷ്ണമാരാര്. വിരസമായ ആ ജോലിക്കിടയിൽ 'കുട്ടികളുടെ മഹാഭാരതം' എന്ന പുസ്തകത്തിന്റെ പ്രൂഫ് വായിച്ചതിൽ നിന്നാണ് ഭാരതപര്യടനമെഴുതാൻ അദ്ദേഹത്തിനു പ്രചോദനമുണ്ടായത്. അത് മലയാളത്തിന്റെ മഹാഭാഗ്യവുമായി.

## ആനക്കാര്യം





രാജീവ് എൻ ടി
rajeevnt@hotmail.com

# അക്ഷരചിത്രം

ഭരണിക്കാവ് കൃഷ്ണൻ

4 - കൊണ്ട് വീട്







 റ - കൊണ്ട് തെങ്ങ്





# പരീക്ഷാക്കാലത്ത് ഒരു കൊടുങ്കാറ്റായിമാറാം

പ്രൊഫ. എസ് ശിവദാസ്

മാമാ, മാമനറിഞ്ഞില്ലേ പരീക്ഷവരുന്നത്. വർഷാവസാനപ്പരീക്ഷ ദാ, പടിക്കലെത്തി. പരീക്ഷയെ പേടിക്കേണ്ട എന്നൊക്കെ ഞങ്ങൾക്കറിയാം. എന്നാലും ഒരു പേടി! പരീക്ഷയെ എങ്ങനെയാണു നേരിടേണ്ട തെന്ന് മാമൻ എഴുതാമോ?

ഏതാനും കാന്താരിക്കുട്ടികൾ ഇങ്ങനെ മാമനെഴുതിയിരിക്കുന്നു. എഴുത്തു കിട്ടിയപ്പോഴാണു പരീക്ഷ വരുന്നുണ്ട് എന്ന കാര്യം മാമനും ഓർത്തത്. ഭൂതവും പ്രേതവുമൊന്നുമില്ല എന്നറിയാവുന്നവർക്കും ഒറ്റയ്ക്ക് ഇരുട്ടിൽ വിജനമായ സ്ഥലത്തുകൂടി നടക്കുമ്പോൾ ഒരു പേടി വരും. ഭൂതപ്രേതപിശാചുക്കളിൽ വിശ്വാസമേയില്ല. പക്ഷേ പേടി! അതുപോലെ ഒരു തമാശയാണു പരീക്ഷപ്പേടിയും. പരീക്ഷയെ പേടിക്കേണ്ടതേയില്ല എന്ന് അധ്യാപകരും രക്ഷിതാക്കളും മറ്റും നിരന്തരം പറഞ്ഞു പരീക്ഷാപ്പേടിയെ പമ്പകടത്തിയിട്ടും കുട്ടികളുടെ ഉള്ളിലൊരു പേടി. അല്ലെങ്കിലൊരു വെറുപ്പ്. പരീക്ഷയോട് അതു വേണ്ട എന്ന് അറിയാവുന്നവരും അതിനടിപ്പെട്ടു പോകുന്നു. സാരമില്ല. നമുക്കു പേടിമാറ്റാം. പരീക്ഷ എഴുതാം. ഉന്നതമായ വിജയവും കരസ്ഥമാക്കാം. അതിനുള്ള വിദ്യകൾ പറയാം.



പരീക്ഷയെന്നത് ഒരു യാഥാർത്ഥ്യമാണ്. അതിൽ നിന്നും ആർക്കും മോചനമില്ല. അതു പല രൂപത്തിൽ വരും. പല കാലത്തിൽ വരും. പിച്ചവച്ചു നടക്കാൻ പഠിക്കുന്ന കുഞ്ഞിന് ‘നടക്കാൻ പഠിക്കൽ’ ആണ് പരീക്ഷ! നടക്കാൻ പഠിക്കുന്നതിനിടയിൽ വീഴും. മുട്ടുതട്ടും. മുഖംമുട്ടും. വേദനയെടുക്കും. കരയും. പക്ഷേ പിന്നെയും കുഞ്ഞ് എഴുന്നേറ്റു നിൽക്കാൻ നോക്കും. നടക്കാൻ നോക്കും. നടക്കും. നടന്നു നടന്നു നടപ്പെന്ന പരീക്ഷയിൽ ഗംഭീരമായി വിജയിക്കും.

എന്താ കാരണം? കുഞ്ഞിന് ആ പരീക്ഷയെ പേടിയില്ല. അറപ്പില്ല. വെറുപ്പില്ല. കുഞ്ഞിനു നടക്കണമെന്ന അതിയായ ആഗ്രഹമാണ്. ആ ആഗ്രഹം മൂലം കുഞ്ഞു കഷ്ടപ്പെട്ടു നടന്നു നടന്നു നടക്കാൻ പഠിക്കും.

ഇതുതന്നെയാണ് ജീവിതത്തിലെ ഓരോ ഘട്ടത്തിലും ഓരോ കുട്ടിയും ഓരോ മനുഷ്യനും നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാനുള്ള വഴി. ആഗ്രഹം ശക്തമായ ആഗ്രഹം. ഏതുതാല്പര്യത്തെയും തട്ടിമാറ്റാനുള്ള ആവേശം നൽകുന്ന ആഗ്രഹം. എനിക്കതു നേടണമെന്നു തീവ്രമായ അഭിലാഷം. ആ അഭിലാഷമാണ് ജീവിതവിജയത്തിനുള്ള താക്കോൽ.

കുട്ടിക്കാലത്ത് ഇത്തരം പല പരീക്ഷകൾ വരും.

നടക്കാൻ പഠിച്ചാൽ ഓടാൻ പഠിക്കണം. ചാടാൻ പഠിക്കണം. പറയാൻ പഠിക്കണം. അങ്ങനെ പലപല പരീക്ഷകൾ. അതൊക്കെ പാസായതിനു ശേഷമാണ് ഒന്നാം ക്ലാസ്സിൽ ചേരുന്നത്. അപ്പോൾ മാത്രമാണ് പരീക്ഷ എന്ന പേരു കേൾക്കുന്നത്. അതുവരെ അനായാസം അനേകം പരീക്ഷകൾ പാസായ കാന്താരിക്കുട്ടികൾ അപ്പോൾ മുതൽ പരീക്ഷയെ പേടിക്കുന്നു. വെറുക്കുന്നു. എന്തൊരു വിഡ്ഢിത്തം!

അതിനാൽ കൂട്ടുകാരേ നിങ്ങൾക്കു ജന്മനാ ഉള്ള ആ മിടുക്കു പുറത്തെടുക്കൂ. ഏതു പരീക്ഷയെയും ഏതു പരീക്ഷണത്തെയും ആവേശത്തോടെ നേരിടാൻ വേണ്ട കഴിവുകൾ നിങ്ങൾക്കുണ്ട് എന്നറിയൂ. എന്നിട്ട് പുഞ്ചിരിയോടെ, വാശിയോടെ, ആത്മാർത്ഥതയോടെ, വിജയിക്കണമെന്ന ഉൽക്കടമായ ആഗ്രഹത്തോടെ പരീക്ഷയെന്ന പരീക്ഷണത്തെ നേരിടൂ.



വര: ബോബി എം പ്രഭ

> അതിനാൽ കൂട്ടുകാരേ നിങ്ങൾക്കു ജന്മനാ ഉള്ള ആ മിടുക്കു പുറത്തെടുക്കൂ. ഏതു പരീക്ഷയെയും ഏതു പരീക്ഷണത്തെയും ആവേശത്തോടെ നേരിടാൻ വേണ്ടകഴിവുകൾ നിങ്ങൾക്കുണ്ട് എന്നറിയൂ. എന്നിട്ട് പുഞ്ചിരിയോടെ, വാശിയോടെ, ആത്മാർത്ഥതയോടെ, വിജയിക്കണമെന്ന ഉൽക്കടമായ ആഗ്രഹത്തോടെ പരീക്ഷയെന്ന പരീക്ഷണത്തെ നേരിടൂ.

അതിനായി ഒന്നാമത് വേണ്ടത് വിശ്വാസം. ആത്മവിശ്വാസം. വിജയിക്കും എന്ന വിശ്വാസം. പിന്നെ വേണ്ടത് വിജയിക്കാനുള്ള പാതയിലൂടെയുള്ള ഒരു ഓട്ടം. പടിപടിയായി, ചിട്ടയായി, ഓട്ടത്തിനിടയിലുള്ള കടമ്പകളെ മറികടക്കാം.

അതിനു മനസ്സിനെ നിയന്ത്രിക്കുക. ധ്യാനം അഥവാ യോഗ ശീലമാക്കുക. ഏകാഗ്രത പരിശീലിക്കുക. പിന്നെ സമയം ശരിക്ക് ഉപയോഗിക്കുക. ടൈം മാനേജ്മെന്റ് വിജയകരമായി നടപ്പാക്കുക. വർക്കിങ് ഡേയിൽ ഒരു ടൈംടേബിൾ. ഒഴിവുദിവസത്തിന് മറ്റൊന്ന്. കഴിയുന്നത്ര മോഡൽ പരീക്ഷകൾ എഴുതുക. ടെസ്റ്റ്പേപ്പറുകളും എഴുതാം. ഇങ്ങനെ ചിട്ടയായി പഠിക്കുകയെന്നതു തന്നെ വലിയ ഒരു പരിശീലനമാണ്. നമ്മുടെ ജീവിതത്തിൽ നാം തന്നെ ഏർപ്പെടുത്തുന്ന ചിട്ടകൾ. അതുവഴി നാം തന്നെ ഒരു ലക്ഷ്യത്തിനായി തപസ്സുചെയ്യുക. ഇങ്ങനെ മനസ്സിനെ, ശരീരത്തെ, ജീവിതത്തെ 'പതം' വരുത്തുക. അതും ആവശ്യമാണ്.

അപ്പോൾ നമുക്ക് ഇനി വേണ്ടതെന്താണ്? പോസിറ്റീവ് മനോഭാവം. ഇങ്ങനെയൊരു പരീക്ഷവരുന്നത് എന്തൊരു ഭാഗ്യം എന്ന മനോഭാവം! കുറച്ചു ദിവസങ്ങൾ ചിട്ടയായി സമയമുപയോഗിക്കാനുള്ള പരിശീലനം ലഭിക്കാനുള്ള അവസരം. അത് സസന്തോഷം സ്വീകരിക്കാം. സമയം ശരിക്കുപയോഗിച്ച് ചിട്ടയായി പഠിക്കാം. പഠനമെന്ന തപസ്സിൽ മുഴുകാം. വിജയം വരിക്കാം.

അതിനാൽ എല്ലാ കാന്താരികളും ഉണരുക. ഉള്ളിലെ അപാരമായ ശേഷികളെ ഉണർത്തിവിടുക. ഒരു കൊടുങ്കാറ്റായി മാറുക. തടസ്സങ്ങളെ തട്ടിമാറ്റി വീശിയടിച്ചു വിജയത്തിന്റെ കൊടുമുടിയിലെത്തുന്ന കൊടുങ്കാറ്റ്! ഓരോ കാന്താരിക്കും ലോകം കീഴടക്കാനാകും എന്ന് അങ്ങനെ അനുഭവിച്ചറിയുവിൻ.

# മഹാഭാരതം

**സുഗതകുമാരി**

വനവാസകാലം കഴിയാറായപ്പോൾ യുധിഷ്ഠിരൻ ധൗമ്യപുരോഹിതനെയും മറ്റു ബ്രാഹ്മണരെയും ദാസീദാസന്മാരെയുമെല്ലാം ദ്വാരകയിലേക്കും പാഞ്ചാലത്തേക്കും പറഞ്ഞയച്ചു. വന്ദിച്ചു നിൽക്കുന്ന പാണ്ഡവന്മാർക്കും പത്നിക്കും ഉപദേശങ്ങളും സർവാനുഗ്രഹങ്ങളും നേർന്ന് ധൗമ്യൻ പരിജനസമേതം മടങ്ങിപ്പോയി.

പാണ്ഡവന്മാർ പാഞ്ചാലിയോടൊപ്പം വിരാടരാജധാനി ലക്ഷ്യമാക്കി യാത്രയാരംഭിച്ചു. ഏറെ നടന്നുതളർന്ന കൃഷ്ണയെ അർജുനൻ എടുത്തുനടന്നു. മത്സ്യരാജ്യത്തെത്തിയപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു. ''മഹായുധങ്ങളുമായി നാം ജനമധ്യേ നടക്കുവാൻ പാടില്ല. സംശയമുണ്ടാകും. ആയുധങ്ങൾ എവിടെയെങ്കിലും സൂക്ഷിച്ചുവെച്ചിട്ടാവാം ഇനി യാത്ര.'' നഗരാതിർത്തിയിലുള്ള ഒരു

## വിരാടപർവം (തുടർച്ച)

ശ്മശാനത്തിൽ, പടർന്നു വായ്ചുനിൽക്കുന്ന ശമീവൃക്ഷത്തിന്റെ വലിയ പൊത്തിൽ അവർ ആയുധങ്ങൾ സൂക്ഷിക്കുവാൻ തീരുമാനിച്ചു. ദിവ്യമായ ഗാണ്ഡീവം തുടങ്ങിയുള്ള വില്ലുകളെല്ലാം ഞാണഴിച്ച് കെട്ടിവച്ചു. ആവനാഴികളും കൂർത്തുമൂർത്ത അമ്പുകളും വാളുകളുമെല്ലാം വലിയ കെട്ടാക്കി ആ മരപ്പൊത്തിൽ നിക്ഷേപിച്ചു. ആരും മരത്തിനരികിൽ വരാതിരിക്കാൻവേണ്ടി ശ്മശാനത്തിൽ കിടന്ന ഒരു ശവമെടുത്ത് ആ മരത്തിൽ കെട്ടിത്തൂക്കിയിട്ടു. അതിനുശേഷം ആട്ടിടയന്മാരും ഗോപാലന്മാരും കൂട്ടമായി പോകുന്നതുകണ്ട് അവരോടൊപ്പംചേർന്ന് പഞ്ചപാണ്ഡവന്മാരും പാഞ്ചാലിയും പട്ടണത്തിലേക്കു പ്രവേശിച്ചു.

വനവാസം കഴിഞ്ഞിരിക്കുന്നു, പട്ടണത്തിലേക്കു കയറുകയാണ്. ധർമപുത്രർ മനസ്സുകൊണ്ട് ദുർഗാദേവിയെ പ്രാർഥിച്ചു. 'അമ്മേ, ആപത്തൊന്നുമില്ലാതെ ഞങ്ങളെ കാക്കേണമേ, ഭുവനേശ്വരി, മഹാദേവി, ഭക്തവത്സലേ, ശത്രുഭയമൊഴിച്ച് ഞങ്ങൾക്കു മംഗളം അരുളിയാലും–' പ്രാർഥനചെയ്ത് മനസ്സുതെളിഞ്ഞ് അവർ വലംകാൽവെച്ച് പുരപ്രവേശം ചെയ്തു.

ഒരു പ്രഭാതത്തിൽ രാജസഭയിലിരിക്കുന്ന വിരാടരാജാവിന്റെ മുന്നിലേക്ക് തേജസ്വിയായ ഒരു മഹാപുരുഷൻ നടന്നുവരുന്നതു കാണായി. രാജാവ് മന്ത്രിമാരോട് ആശങ്കയോടെ ചോദിച്ചു. ''അഹോ! ആരാണാ വരുന്നത്? ഒരു മഹാരാജാവിന്റെ ഭാവമാണല്ലോ ആ മുഖത്തു കാണുന്നത്! സാക്ഷാൽ ദേവേന്ദ്രനോ? ലക്ഷണംകണ്ടാൽ ഒരു ചക്രവർത്തിതന്നെയാണെന്നു തോന്നുന്നുവല്ലോ.'' കാവൽക്കാരെ കൂസാതെ ശങ്കയെന്യേവരുന്ന ആ വരവുകണ്ട് അദ്ഭുതത്തോടെ നോക്കിയിരിക്കുന്ന വിരാടന്റെ മുന്നിൽവന്ന് ആ ബ്രാഹ്മണവേഷധാരി അഭിവാദ്യം ചെയ്തു.

''മഹാരാജാവേ, എല്ലാം നഷ്ടപ്പെട്ട് അങ്ങയുടെ അടുക്കൽ വസിക്കുവാൻ ആഗ്രഹിച്ച് ബ്രാഹ്മണനായ ഞാൻ വന്നു നിൽക്കുന്നു.'' 'സ്വാഗതം' എന്ന് താനറിയാതെതന്നെ വിരാടൻ കൈകൾ കൂപ്പി. ''അങ്ങയെ എനിക്ക് ഏറെ ഇഷ്ടപ്പെട്ടിരിക്കുന്നു. ഏതു രാജ്യത്തുനിന്നു വരുന്നു! ഗോത്രമേത്! പേരെന്ത്! എല്ലാം പറയുക. ഏതു വിദ്യയിലാണ് അങ്ങു സമർഥൻ?''

യുധിഷ്ഠിരൻ പറഞ്ഞു. ''മുമ്പ് മഹാരാജാവ് യുധിഷ്ഠിരന്റെ സുഹൃത്തായിരുന്നു ഞാൻ. എന്റെ പേര് കുങ്കൻ, വൈയാഘ്രപാദ്യ ഗോത്രമാണ് എന്റേത്. (വ്യാഘ്രത്തെപ്പോലെ ചാടിവന്നു വീഴ്ത്തുന്നവൻ– യമൻ– എന്നാണ് ഈ നാമത്തിന് അർഥം. യുധിഷ്ഠിരൻ ധർമദേവനായ യമന്റെ പുത്രനാണല്ലോ.) ഞാൻ അക്ഷവിദ്യയിൽ വിദഗ്ധനാണ്. ഉന്നതരോടു ഞാൻ വിനയത്തോടെ നിൽക്കുമെങ്കിലും ഞാൻ ബഹുമാനം ആവശ്യപ്പെടുന്നു.''

'വിശിഷ്ടമായ ഈ വ്യക്തിത്വത്തിനു മുന്നിൽ ആദരവാർന്ന വിരാടൻ പ്രതിവചിച്ചു. ''കുങ്കബ്രാഹ്മണ, അങ്ങ് ഒരു രാജാവിനു

**ഒരു പ്രഭാതത്തിൽ രാജസഭയിലിരിക്കുന്ന വിരാടരാജാവിന്റെ മുന്നിലേക്ക് തേജസ്വിയായ ഒരു മഹാപുരുഷൻ നടന്നുവരുന്നതു കാണായി. രാജാവ് മന്ത്രിമാരോട് ആശങ്ക യോടെ ചോദിച്ചു. "അഹോ! ആരാണാ വരുന്നത്? ഒരു മഹാരാജാവിന്റെ ഭാവമാണല്ലോ ആ മുഖത്തു കാണുന്നത്!"**

തുല്യയോഗ്യതയുള്ളവനാണ്. സർവബഹുമതികളോടും അങ്ങയ്ക്ക് എന്റെ സുഹൃത്തായി ഈ പുരത്തിൽ വാഴാം.'' അങ്ങനെ യുധിഷ്ഠിരൻ കുങ്കദ്വിജനായി, രാജസുഹൃത്തായി വിരാടപുരിയിൽ വസിച്ചു. രണ്ടുനാൾ കഴിഞ്ഞപ്പോഴുണ്ട് ഭീമാകാരനും ദേവതുല്യനും മഹാശക്തനുമായ ഒരു യുവാവ് കറുത്തവസ്ത്രം ധരിച്ച് കൈയിൽ ചട്ടുകവും ഊരിയ വാളുമായി വിരാടനഗരിയിൽ പ്രത്യക്ഷപ്പെട്ടു. രാജപാതയിലൂടെ അക്ഷോഭ്യനായി സിംഹനട നടന്നുവരുന്ന ആ അപൂർവതേജസ്വിയെ വിരാടൻ മാളികമുകളിലിരുന്നു കണ്ട് അദ്ഭുതപ്പെട്ടു. 'ഇയാൾ ആര്! ദേവരാജനോ! കാളയെപ്പോലെ ഉറച്ച സ്കന്ധങ്ങളും തടിച്ചുരുണ്ട ബാഹുക്കളുമുള്ള ഇയാളുടെ നോട്ടവും ഭാവവും എന്നെ അമ്പരപ്പിക്കുന്നു. വിളിച്ചു കൊണ്ടു വരൂ ആ യുവാവിനെ!' എന്ന രാജകല്പനകേട്ട് സേവകന്മാർ ഭീമന്റെ മുന്നിലെത്തി ഭയാദരങ്ങളോടെ അറിയിച്ചു. ''മഹാരാജാവ് അങ്ങയെ കാണാൻ ആഗ്രഹിക്കുന്നു. വന്നാലും.''

(തുടരും)



വര: ജയേന്ദ്രൻ

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.





## എന്റെ പൂന്തോട്ടം

**അദ്വൈത ആർ ജി,**
**ക്ലാസ്സ് 6 ഇ,**
**ഗവ. യു പി എസ് കടയ്ക്കൽ**

പല പല പൂക്കൾ പുഞ്ചിരിതൂകും
കളിവീടെന്നുടെ പൂന്തോട്ടം!
പലപല പക്ഷികൾ പാറി നടക്കും
കിളിവീടെന്നുടെ പൂന്തോട്ടം
പലപല തുമ്പികൾ പാറിവരുന്നു
സുന്ദരമായൊരു പൂന്തോട്ടം
എല്ലാ പൂവും ഒരുമയിൽ നിൽക്കും
ഉല്ലാസത്തിൻ പൂന്തോട്ടം.

വര: ഗോപു പട്ടിത്തറ

# കമന്റ്

**എ കെ വിഘ്നേഷ്,**
**ക്ലാസ് 12, ഡി ബി എച്ച് എസ് എസ് തച്ചംമ്പാറ,**
**തച്ചംമ്പാറ പി ഒ, പാലക്കാട്, പിൻ 678593**

മണ്ണിനെ സ്നേഹിച്ചും മണ്ണിനെ അറിഞ്ഞും രാഘവേട്ടൻ കൃഷിയെ കൂടപ്പിറപ്പായി കണ്ടു. മകൻ രവിയെ പഠിപ്പിച്ചു വലിയ ആളാക്കണമെന്നായിരുന്നു രാഘവേട്ടന്റെ ലക്ഷ്യം. അതിനുവേണ്ടി രാപ്പകലില്ലാതെ കൃഷിയിടത്തിൽ പണിയെടുക്കുമായിരുന്നു അദ്ദേഹം.

പക്ഷേ മകൻ രവിക്കു കൂട്ടുകാരുടെ ഇടയിൽ തന്റെ അച്ഛൻ കൃഷിക്കാരനാണെന്നു പറയാൻ നാണക്കേടായിരുന്നു. അവൻ കമ്പ്യൂട്ടർയുഗത്തിലാണ് ജീവിച്ചത്

ഗ്രാമത്തിലെ പഠനശേഷം രാഘവേട്ടൻ മകൻ രവിയെ പട്ടണത്തിലയച്ചു പഠിപ്പിക്കാൻ തീരുമാനിച്ചു. കോളജിൽചേർക്കാനായി ഒരുങ്ങുമ്പോഴാണ് രവി അമ്മയോടു പറഞ്ഞത്. ''അമ്മേ, അച്ഛൻ വരണ്ട, എന്നെ കോളജിൽ ചേർക്കാൻ. കോളജിൽ വലിയ വലിയ ആളുകൾ വരുമ്പോൾ അച്ഛൻ കർഷകനാണെന്നു പറയാൻ എനിക്കു കുറച്ചിലാ.'' ഈ സംസാരം രാഘവേട്ടൻ കേട്ടപ്പോൾ വല്ലാത്ത ദുഃഖം തോന്നി. പുതിയ തലമുറയിലെ കുട്ടികളല്ലേ. സാരമില്ലായെന്നു മനസ്സിനെ പറഞ്ഞുപഠിപ്പിച്ചു.

ഒരു അവധിക്കാലത്ത് മകൻ രവി വീട്ടിലെത്തി. രാഘവേട്ടന് അന്ന് വല്ലാത്ത സന്തോഷം തോന്നി. അച്ഛനെ കണ്ടപ്പോൾ മകൻ പറഞ്ഞു. ''അച്ഛാ എന്റെ കൂട്ടുകാർക്കെല്ലാം തൊട്ടുവിളിക്കാവുന്ന ഫോണുണ്ട്. എനിക്കും വേണം.'' മകന്റെ ആഗ്രഹം നിരസിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. അന്നു തന്നെ അദ്ദേഹം വിലകൂടിയ ഒരു മൊബൈൽഫോൺ മകനു വാങ്ങിക്കൊടുത്തു. അതോടെ ഇന്റർനെറ്റിന്റെ മായാലോകത്തിലേക്ക് അവനും കാലെടുത്തുവച്ചു. അന്നുമുതൽ അവനും കിട്ടി ഒരു ബുക്ക്, ഫെയ്സ്ബുക്ക്. കമന്റിനും ലൈക്കിനും വേണ്ടി ബുക്കിലെ കൂട്ടുകാരോട് അവൻ ഇരന്നു. കാലം കടന്നുപോയി.

രവി പഠനം പൂർത്തിയാക്കി. അവൻ വീട്ടിൽ തിരിച്ചെത്തിയപ്പോഴേക്കും അച്ഛന് അർബുദം ബാധിച്ചിരുന്നു. വീട്ടിലെ അവസ്ഥകളെല്ലാം മാറിയിരുന്നു. മകൻ പഠിച്ചു വലിയ ജോലിക്കാരനായി. 'ഇനി ഞാനെന്തിനു പേടിക്കണം. കുടുംബം അവൻ നോക്കിക്കൊള്ളും.' ഇതായിരുന്നു ആ അച്ഛന്റെ പ്രതീക്ഷ. എന്നാൽ ആ പ്രതീക്ഷയ്ക്കുമപ്പുറത്തായിരുന്നു മകന്റെ പെരുമാറ്റം. രോഗത്തെക്കുറിച്ചോ കുടുംബത്തിലെ അവസ്ഥയെക്കുറിച്ചോ ചിന്തിക്കാൻ രവി തയ്യാറായില്ല. ഫെയ്സ്ബുക്കിൽ ഫോട്ടോകൾ ഇട്ടു കമന്റുകൾക്കുവേണ്ടി കാത്തിരിക്കുകയായിരുന്നു അവൻ. ഒടുവിൽ അച്ഛൻ മരിച്ചു. അവന്റെ ക്യാമറ ആ രംഗം പകർത്തി. അവൻ ഫെയ്സ്ബുക്കിൽ അതിട്ടു. ആരോടും ഇരക്കാതെ തന്നെ അവനു ആദ്യത്തെ കമന്റു കിട്ടി. അതു വായിച്ചു രവി ഞെട്ടിപ്പോയി. 'അച്ഛൻ എന്ന സത്യത്തെ മറക്കുന്ന മക്കൾ...'





# പിൻഹോൾ ക്യാമറ

അരവിന്ദ് ഗുപ്ത

ഒരു കാർഡ്ബോർഡ് പെട്ടിയും ബട്ടർപേപ്പറും ഉപയോഗിച്ച് ഒരു പിൻഹോൾ ക്യാമറ ഉണ്ടാക്കിയാലോ?



**ആവശ്യമുള്ള സാധനങ്ങൾ**

- കട്ടികടലാസുപെട്ടി (25 x 15 x 10cm)
- ബട്ടർപേപ്പർ
- കറുത്ത കടലാസ്
- സൂചി
- തീപ്പെട്ടി
- മെഴുകുതിരി




1 ചിത്രത്തിൽ കാണുന്ന പോലെ പെട്ടിയിൽ വലിയ ഒരു ഭാഗം മുറിച്ചുമാറ്റുക. ഈ ദ്വാരത്തിനു മുകളിൽ ബട്ടർപേപ്പർ ഒട്ടിച്ചുവയ്ക്കുക.




2 ബട്ടർപേപ്പറിന്റെ ഭാഗം ഒഴിച്ച് പെട്ടി മുഴുവനും കറുത്ത പേപ്പർ ഉയോഗിച്ച് പൊതിയുക.



3 ബട്ടർപേപ്പർ ഒട്ടിച്ചതിന്റെ എതിർവശത്ത് കൃത്യം നടുക്കായി സൂചി ഉപയോഗിച്ച് ഒരു ദ്വാരമിടുക. ദ്വാരത്തിനു പുറകിലായി ഒരു മെഴുകുതിരി കത്തിച്ചു വയ്ക്കുക.



4 കാർഡ്ബോർഡ് പെട്ടി മുന്നോട്ടുംപിന്നോട്ടും അല്പം മാറ്റിനോക്കൂ. ബട്ടർപേപ്പറിൽ മെഴുകു തിരിയുടെ തലകീഴായ പ്രതിബിംബം കാണാം.



5 കൂടുതൽ പിൻഹോളുകൾ ഉണ്ടായാൽ കൂടുതൽ പ്രതിബിംബങ്ങളും ഉണ്ടാവും.



6 ഈ പ്രതിബിംബം രൂപപ്പെടുന്നത് എങ്ങനെയായിരിക്കും? എന്തുകൊണ്ടായിരിക്കും പ്രതിബിംബം തലകീഴായി കാണപ്പെടുന്നത്?

നടുക്കുനിന്നും മാറി ഇടുന്ന ദ്വാരത്തിനനുസരിച്ച് പ്രതിബിംബം എവിടെയാണ് രൂപപ്പെടുന്നത്? കൂടുതൽ പരീക്ഷണങ്ങൾ നടത്തി ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ. എന്നിട്ട് തളിരിനെഴുതൂ.

# സുവർണ്ണം 2015

**ഡോ. രാധിക സി നായർ**

കേരളത്തിന്റെ സാംസ്കാരികചരിത്രത്തിൽ സുവർണലിപികളിൽ രേഖപ്പെടുത്തേണ്ട അഞ്ചുദിനരാത്രങ്ങളായിരുന്നു അത്. മലയാളത്തെ ചതുരവടിവിൽ നിന്ന് ഇന്നത്തെ വട്ടവടിവിലാക്കാൻ യത്നിച്ച ബഞ്ചമിൻ ബെയ്‌ലിയുടെയും ആദ്യത്തെ അച്ചുകൂടത്തിന്റെയും പ്രതാപം നിറഞ്ഞ അക്ഷരനഗരിയായ കോട്ടയം അഞ്ചുദിവസത്തേക്കു കേരളത്തിന്റെ സാംസ്കാരികതലസ്ഥാനമായി. കേരള സർക്കാരിന്റെ സാംസ്കാരികവകുപ്പിനു കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളും അക്കാദമികളും കൈകോർത്തുനിന്ന് ഭാഷയുടെയും സാഹിത്യത്തിന്റെയും അതിർവരമ്പുകൾ മായ്ച്ചു. കിനാവുകണ്ട സഹജീവനത്തിന്റെയും പാരസ്പര്യത്തിന്റെയും സ്നേഹത്തിന്റെയും പുതുലോകം സ്വന്തമാക്കി. നൃത്തസംഗീതവിരുന്നുകൾ ഒരുവശത്ത്, നാടൻപാട്ടിന്റെയും നാടൻനൃത്തത്തിന്റെയും ചടുലത മറുവശത്ത്. സെമിനാറുകൾ, സംവാദങ്ങൾ, ചലച്ചിത്രപരിപാടികൾ തുടങ്ങി കോട്ടയം ചരിത്രത്തിലേക്കു ചുവടുവയ്ക്കുകയായിരുന്നു ആ ദിനങ്ങളിൽ അക്ഷരപ്പെരുമയാണ് കോട്ടയത്തിനുള്ളത്. ആ പെരുമക്കുപ്പായത്തിനു കസവുകിന്നരി തുന്നിച്ചേർക്കുകയായിരുന്നു. 'സുവർണം'. യുനെസ്കോ പൈതൃകകലയായി അംഗീകരിച്ച ക്ലാസിക്കൽ നൃത്തരൂപമായ കൂടിയാട്ടം മുതൽ ഭരതനാട്യവും മോഹിനിയാട്ടവും കഥകളിയും കോട്ടയത്തിന്റെ സന്ധ്യകൾക്കു ചാരുതയേകി. കേന്ദ്ര സംഗീതനാടക അക്കാദമി കൂടിയാട്ട
















കേന്ദ്രവും കേരള കലാമണ്ഡലവും സംഗീത നാടക അക്കാദമിയും കലാകാരർക്ക് ആതിഥ്യമരുളി. മഹാകവി മൊയീൻകുട്ടി വൈദ്യർ സ്മാരക മാപ്പിളകലാ അക്കാദമി മലബാറിന്റെ തനതുകലാരൂപങ്ങളായ ദഫ്മുട്ട്, അറബനമുട്ട്, കോൽക്കളി, ഷെഹനാദ് എന്നിവ അവതരിപ്പിക്കാൻ മുൻകൈയെടുത്തു. കേരളത്തിന്റെ സ്വന്തം കലാരൂപങ്ങളായ തിരുവാതിരക്കളിയും മാർഗംകളിയും പൂരക്കളിയും ചവിട്ടുനാടകവുമെല്ലാം ആസ്വാദകർക്കു മുന്നിൽ ഒന്നിച്ചണിനിരന്നു.

കേരളം വാതിൽ തുറന്നിടുകയായിരുന്നു. എല്ലാ സംസ്കാരത്തിനും കടന്നുവരാനുള്ള ആതിഥേയത്വത്തിന്റെ വാതിൽ. അതിലൂടെ സുവർണത്തിൽ പങ്കെടുക്കാൻ മറ്റു സംസ്ഥാനക്കാരുമെത്തി. സൗത്ത് സോൺ കൾച്ചറൽ സെന്ററിന്റെ ഉപചാരവാക്കുകളിലൂടെ അങ്ങു കാശ്മീർ മുതൽ ഇങ്ങു തമിഴുനാട് വരെയുള്ള ദേശത്തെ കലാകാരർ ഒത്തുകൂടി. നാനാത്വത്തിലെ ഏകത്വം വിളിച്ചോതി. തമിഴ്നാട്, ഗുജറാത്ത്, മധ്യപ്രദേശ്, ജമ്മുകാശ്മീർ, അസം, തെലുങ്കാന, മണിപ്പൂർ കർണാടക, ഉത്തരാഖണ്ഡ് എന്നിവിടങ്ങളിലുള്ളവർ അതിഥികളായി. ഓട്ടൻതുള്ളലും തോൽപ്പാവക്കൂത്തും അക്ഷരശ്ലോകസദസ്സും മംഗലംകളിയും കഥാപ്രസംഗവും കാണിച്ച് പിന്നിലല്ലെന്ന് കേരളം കരുത്തുകാട്ടി.

ഒരുവശത്ത് നൃത്തതാളമേളങ്ങൾ അരങ്ങുതകർത്തപ്പോൾ ആയിരം ചിത്രങ്ങൾ കേരളത്തിന്റെ മഹത്തായ ചിത്രകലാപാരമ്പര്യത്തിന്റെ സന്ദേശവാഹകരായി. മാമ്മൻ മാപ്പിള ഹാളിലൊരുക്കിയ ചിത്രക്കാഴ്ചകളിൽ കെ സി  എസ് പണിക്കർ, ടി കെ പത്മിനി തുടങ്ങിയവരുടേതുൾപ്പെടെയുള്ള ചിത്രങ്ങളും വെങ്കലശിൽപങ്ങളും കാർട്ടൂണുകളും മ്യൂറലുകളും ഫോട്ടോപ്രദർശനവും ഇൻസ്റ്റലേഷനുകളും ഉൾപ്പെട്ടു. സ്വാതിതിരുനാളിനും ഇരയിമ്മൻതമ്പിക്കും ശ്രദ്ധാഞ്ജലിയുമായി ഗായകരും വൈക്കം സത്യഗ്രഹ സേനാനിയായ ആമയാടി തേവനു സ്മരണാഞ്ജലിയായി നാടകവും സുവർണത്തെ സമ്പന്നമാക്കി.

ശിൽപി മോഹനൻ വളാഞ്ചേരി, ആർട്ടിസ്റ്റ് ഗോപു പട്ടിത്തറ, കൃഷ്ണദാസ് കാവനാട്, അജിത് പട്ടാമ്പി, അനൂപ് എന്നിവരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ശിൽപങ്ങൾ ഭാഷാനഗരിയിലെ സാംസ്കാരിപെരുമയുടെ സാക്ഷികളായി. പുരാവസ്തു പുരാരേഖ പ്രദർശനമായിരുന്നു സുവർണത്തിന്റെ



അക്ഷരനഗരിയായ കോട്ടയം നഗരത്തിന് ഉത്സവത്തിന്റെ നാളുകൾ സമ്മാനിച്ചാണ് സാംസ്കാരികോത്സവമായ സുവർണം 2015ന്റെ ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നിർവഹിച്ചത്. ഡിസംബർ 18നു വൈകിട്ട് 5 മണിക്ക് തിരുനക്കരമൈതാനത്തു നടന്ന ഉദ്ഘാടനസമ്മേളനത്തിൽ സാംസ്കാരികവകുപ്പുമന്ത്രി കെ സി ജോസഫ് അധ്യക്ഷനായിരുന്നു. സാംസ്കാരിക പരിപാടികളുടെ ഉദ്ഘാടനം വനം-ചലച്ചിത്ര-ഗതാഗത വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. ഉദ്ഘാടനസമ്മേളനത്തിനു മുൻപ് പെരുവനം കുട്ടൻമാരാരും സംഘവും അവതരിപ്പിച്ച പഞ്ചവാദ്യം കാണികൾക്കു വിരുന്നായി. തിരുവിഴ ജയശങ്കറും സംഘവും അവതരിപ്പിച്ച സ്വാഗതസങ്കീർത്തനത്തോടെയാണ് ചടങ്ങുകൾക്കു തുടക്കമായത്. സൗത്ത് സോൺ കൾച്ചറൽ സെന്റർ അവതരിപ്പിച്ച നൃത്തരൂപങ്ങളും നടിയും നർത്തകിയുമായ കൃതിക അവതരിപ്പിച്ച ഭരതനാട്യവും സാംസ്കാരികോത്സവത്തിന്റെ തുടക്കം ഹൃദ്യമാക്കി. ഭരണപാടവം മാത്രമല്ല പാട്ടും നൃത്തവും തനിക്കു വഴങ്ങുമെന്ന് അസിസ്റ്റന്റ് കളക്ടർ ദിവ്യ എസ് അയ്യർ ഉദ്ഘാടനസമ്മേളനത്തിലെ പ്രാർത്ഥനാഗാനത്തിലൂടെയും അടുത്തദിവസം നടന്ന നൃത്താഞ്ജലിയിലൂടെയും തെളിയിച്ചു.



മറ്റൊരു പ്രത്യേകത. പ്രമുഖരുടെ കൈയൊപ്പുകൾ നിരന്ന ഗ്യാലറി കാണികൾക്കു കൗതുകത്തിനുള്ള കളമൊരുക്കി.

മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവി കിട്ടിയതിൻരെ പശ്ചാത്തലത്തിൽ ലിപിപരിഷ്കരണത്തിനു മുൻകൈയെടുത്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും പുതുതലമുറയെ എഴുത്തുകാർ നേരിടേണ്ടതെങ്ങനെ എന്നു പഠിപ്പിച്ച് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടും മേളയിൽ സാന്നിധ്യമറിയിച്ചു. *ശ്രേഷ്ഠഭാഷ ഇനി എന്ത്* എന്ന വിഷയത്തിൽ സാഹിത്യ അക്കാദമി സംഘടിപ്പിച്ച സംവാദം മലയാളത്തിന്റെ ഭാവി ചർച്ചചെയ്തു. സർഗാത്മകതയ്ക്കെതിരെയുള്ള എതിർപ്പിനു നേരെയും സമ്മേളനത്തിൽ ചർച്ചയും വീണ്ടുവിചാരവുമുണ്ടായി.

Printed and Published by **M Santhosh Kumar** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70
Regd KL/TV (N)/399/2015-2017

February 2016
Published on 29-01-2016 Vol:22, Issue:2, ₹15

**കുഞ്ഞുകൂട്ടുകാർക്കായി**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുതുമയാർന്ന സമ്മാനം**

# മിഠായി
## കുട്ടിപ്പാട്ടുകൾ

**ഒപ്പം പ്രമുഖ ഗായകർ ആലപിച്ച ഓഡിയോ സിഡിയും**




മലയാളഭാഷയുടെ ഓജസ്സും ചന്തവും
തുളുമ്പുന്ന 32 കുട്ടിപ്പാട്ടുകൾ.
ഇവ കേട്ടാൽ ഏതു കുസൃതിക്കുട്ടിയും
കൂടെപ്പാടും. നൃത്തം വയ്ക്കും.
മലയാളത്തിലെ പ്രമുഖ
പിന്നണിഗായകർക്കൊപ്പം നിങ്ങളും
പാടൂ. ചുവടുവയ്ക്കൂ...

**പുസ്തകത്തിന് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക.**